# സബ്മിഷൻ

## തൊഴിൽ സുരക്ഷ

ശ്രീ. എസ്. ശർമ്മ: സർ, ഇൻഡസ്ട്രിയൽ എംപ്ലോയ്മെന്റ് (സ്റ്റാൻഡിംഗ് ഓർഡേഴ്സ്) ആക്ട്, 1946-ന്റെ ചട്ടങ്ങളിൽ 2018 മാർച്ച് 16-ന് കേന്ദ്രസർക്കാർ പുതിയ വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുകയാണ്. സ്ഥിരം, പ്രൊബേഷണർ, ബദലി, താൽക്കാലികം, കാഷ്വൽ, അപ്രന്റീസ്, ഫിക്സഡ് ടേം, എംപ്ലോയ്മെന്റ് എന്നീ തരത്തിലാണ് തൊഴിലാളികളെ തരംതിരിച്ചിരിക്കുന്നത്. നിശ്ചിതകാല തൊഴിലാളിയുടെ നിയമന കാലാവധി അവസാനിച്ചാൽ നോട്ടീസ് പോലും നൽകാതെ അവരുടെ സേവനം അവസാനിച്ചതായി കണക്കാക്കി രണ്ടാഴ്ചത്തെ അവധി വച്ചുകൊണ്ട് നോട്ടീസ് നൽകിയാൽ ഈ തൊഴിലാളികളെ പിരിച്ചുവിടാൻ മാനേജ്മെന്റുകൾക്ക് അവകാശമുണ്ടായിരിക്കും. ചുരുക്കിപ്പറഞ്ഞാൽ തൊഴിലുടമയ്ക്ക് താൽപ്പര്യമുള്ള കാലം മാത്രം ജോലി ലഭിക്കുന്ന വിഭാഗമായിരിക്കും ഈ തൊഴിലാളികൾ എന്ന് കേന്ദ്രഗവൺമെന്റ് ചട്ടം ഭേദഗതി ചെയ്തിരിക്കുകയാണ്. 1946-ൽ ബ്രിട്ടീഷുകാർ ഇന്ത്യ ഭരിക്കുന്ന കാലമായിരുന്നു. ബ്രിട്ടീഷ് ഭരണകാലത്ത് തൊഴിലാളികൾ പോരാടി നേടിയെടുത്ത സ്ഥിരാവകാശത്തെ ശ്രീ. നരേന്ദ്ര മോഡി സർക്കാർ ഇല്ലാതാക്കി വരികയാണ്. തൊഴിലാളികളുടെ അവകാശം ഇല്ലാതാക്കി

കഴിഞ്ഞിരിക്കുകയാണ്. ഈ നടപടിയിൽ പ്രതിഷേധിച്ച് കഴിഞ്ഞ 2-ാം തീയതി കേരളത്തിലെ തൊഴിലാളികൾ സംഘടിതമായി രാഷ്ട്രീയ വ്യത്യാസം കൂടാതെ പണിമുടക്ക് സമരത്തിലേർപ്പെട്ട് പ്രതിഷേധം രേഖപ്പെടുത്തി. കേന്ദ്രഗവൺമെന്റിന്റെ നയം തിരുത്തിക്കുന്നതിന് സംസ്ഥാനഗവൺമെന്റിന് സാധ്യമായ വിധത്തിലുള്ള ഇടപെടൽ ഉണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

മി. സ്പീക്കർ: വളരെ പ്രധാനപ്പെട്ട കാര്യം അങ്ങ് ചുരുക്കിപ്പറഞ്ഞിരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, വളരെ പ്രധാനപ്പെട്ട കാര്യമാണ്. വളരെ വിശദമായി മറുപടി പറയേണ്ടതാണ്. പക്ഷേ അങ്ങയുടെ നിർദ്ദേശം മാനിച്ചുകൊണ്ട് രണ്ട് വാചകം പറയാം. ബാക്കി മേശപ്പുറത്ത് വയ്ക്കാം.+ ഇൻഡസ്ട്രിയൽ എംപ്ലോയ്മെന്റ് (സ്റ്റാൻഡിംഗ് ഓർഡേഴ്സ്) ആക്ട്, 1946-ന്റെ ചട്ടങ്ങളിൽ കേന്ദ്രഗവൺമെന്റ് പുതുതായി കൊണ്ടുവന്ന ഭേദഗതി സമസ്ത തൊഴിൽ മേഖലയിലും അരക്ഷിതത്വം സൃഷ്ടിക്കുന്നതും തീർത്തും തൊഴിലാളി വിരുദ്ധവും കോർപ്പറേറ്റ് താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതുമാണ്. കേന്ദ്രസർക്കാർ ഇക്കാര്യം നടപ്പിലാക്കുന്നത് തടയാൻ സംസ്ഥാന സർക്കാരിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

+ അനുബന്ധമായി ചേർക്കുന്നു.

## തനൂജയുടെ മരണം

ശ്രീ. അടൂർ പ്രകാശ്: സർ, എന്റെ നിയോജകമണ്ഡലത്തിൽ കലഞ്ഞൂർ പഞ്ചായത്തിൽ മാങ്കോട് ഹയർ സെക്കണ്ടറി സ്കൂൾ ജീവനക്കാരിയായിരുന്ന തനൂജ 28-03-2018 ബുധനാഴ്ച ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ടു. മരണം ആത്മഹത്യയോ കൊലപാതകമോ എന്ന തർക്കം നിലനിൽക്കുകയാണ്. ഷോക്കേറ്റ് മരിച്ചതാണെന്നും തൂങ്ങി മരിച്ചതാണെന്നും മേൽപ്പടി ആളുടെ ഭർത്താവ് പാടം എന്ന സ്ഥലത്ത് പാലക്കുന്നിൽ ഉഴത്തിൽ വീട്ടിൽ ദിലീപ് കൊലപ്പെടുത്തിയതാണെന്നും തനൂജയുടെ മാതാവും ബന്ധുക്കളും പറയുന്നുണ്ട്. ഭർത്താവ് നിരന്തരം പീഡിപ്പിച്ചിരുന്നതായും വിവിധ തലങ്ങളിൽ കേസ്സുകൾ നിലവിലുള്ളതായും അറിയുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതി ഇവരുടെ കേസ് ഒത്തുതീർപ്പാക്കിയിട്ടുമുണ്ട്. മരണം സംബന്ധിച്ച് സംശയം നിലനിൽക്കുകയാണ്. മാതാപിതാക്കൾ ജില്ലാ പോലീസ് മേധാവിക്കും മറ്റുള്ളവർക്കും പരാതി നൽകിയിട്ടുണ്ട്. പോലീസ് അന്വേഷണം തൃപ്തികരമായി പോകുന്നില്ല. ഈ സാഹചര്യത്തിൽ തനൂജയുടെ ദുരൂഹമരണം സംബന്ധിച്ച് വിശദമായ ഒരന്വേഷണം നടത്തുകയാണ് ആവശ്യം. ഇതേക്കുറിച്ച് അന്വേഷണം നടത്തുന്നതിന് ക്രൈംബ്രാഞ്ചിനെ ഏൽപ്പിച്ച് ഇതിന്റെ അന്വേഷണം നടത്തണമെന്നാണ് എന്റെ

ആവശ്യം. ഇതിനകത്ത് പാർട്ടിയുടെ ഒരു ഇടപെടലുണ്ട്. പാർട്ടിയുടെ ഇടപടൽ എന്നുപറയുമ്പോൾ അദ്ദേഹത്തിന് സി.പി.ഐ.(എം.)-മായി ചില ബന്ധങ്ങളുണ്ട്. ഇവിടെ പാർട്ടിയുടെ ആളുകൾ തന്നെ ഇക്കാര്യത്തിൽ മുന്നിൽ നിന്നുകൊണ്ട് ഇത് തെളിയിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് അവരും നിലനിൽക്കുകയാണ്. അതുകൊണ്ട് ഈ കേസ് ക്രൈം ബ്രാഞ്ചിനെ ഏൽപ്പിച്ച് ഇതിലൊരു അന്വേഷണം നടത്തണമെന്നുള്ളതാണ് എന്റെ ആവശ്യം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, മരണം സംബന്ധിച്ച് ശാസ്ത്രീയമായ പരിശോധന നടത്തുന്നതിന് ഫോറൻസിക് സയൻസ് ലാബിലെ സയന്റിഫിക് ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തനൂജയുടെ മരണവുമായി ബന്ധപ്പെട്ട് മാതാവിനും ബന്ധുക്കൾക്കും സംശയമുള്ളതിനാൽ അടൂർ ഡി.വൈ.എസ്.പി. ഊർജ്ജിത അന്വേഷണം നടത്തിവരികയുമാണ്.

## അഡീഷണൽ ജില്ലാ സെഷൻസ് കോടതി

ശ്രീമതി പി. അയിഷാ പോറ്റി: സർ, കൊല്ലം ജില്ലയുടെ കിഴക്കൻ മേഖലയിലും മദ്ധ്യമേഖലയിലുമുള്ള ജനങ്ങൾക്ക് ഒരു അഡീഷണൽ ജില്ലാ കോടതി കൂടി മദ്ധ്യഭാഗത്ത് വന്നാൽ വളരെയേറെ പ്രയോജനകരമായിരിക്കും. ഇപ്പോൾ ഹൈക്കോടതി ആറാമതായി കൊട്ടാരക്കരയിലൊരു അഡീഷണൽ ജില്ലാ കോടതി

അനുവദിക്കാവുന്നതാണെന്ന് വന്നിട്ടുണ്ട്. കൊട്ടാരക്കര കോടതി സമുച്ചയത്തിന് എല്ലാ സൗകര്യങ്ങളുമുണ്ട്. അതുകൊണ്ട് അവിടെ അത് പ്രവർത്തിപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പുതിയ കോടതികൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനം എടുക്കുന്നതിനുമുമ്പ് സംസ്ഥാനത്തെ കോടതികളിൽ നിലനിൽക്കുന്ന കേസ്സുകളുടെ ബാഹുല്യവും ഭൂമിശാസ്ത്രപരമായ ആവശ്യകതയുംകൂടി പരിശോധിക്കണമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതിനുതകും വിധം പരിശോധന നടത്തി നിർദ്ദേശം അയച്ചുതരാൻ ഹൈക്കോടതി രജിസ്ട്രാറോട് ആവശ്യപ്പെട്ടിട്ടുണ്ട്. നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## പ്രതികളെ അറസ്റ്റ് ചെയ്യൽ

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, എന്റെ നിയോജക മണ്ഡലത്തിലെ മണ്ണാർക്കാട് യൂത്ത്ലീഗ് പ്രവർത്തകൻ സഫീറിന്റെ കൊലപാതകത്തിലെ മുഴുവൻ പ്രതികളെയും പിടിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ളതാണ് ഈ സബ്മിഷൻ. കഴിഞ്ഞ ഫെബ്രുവരി 25-ാം തീയതി മണ്ണാർക്കാട് ടൗണിൽ വച്ചുണ്ടായ ഗുണ്ടാ

ആക്രമണത്തിലാണ് സഫീർ എന്ന ചെറുപ്പക്കാരൻ അതിക്രൂരമായി കൊല്ലപ്പെട്ടത്. ഇത് നാടിന് നടുക്കവും വേദനയും ഉണ്ടാക്കിയ ഒരു സംഭവമാണ്. ഈ കൃത്യത്തിൽപ്പെട്ട ചിലരെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് സഫീറിന്റെ പിതാവ് നൽകിയ പരാതിയിൽ പറയുന്ന ഗൂഢാലോചനയിൽ പങ്കെടുത്തവരെയും കൃത്യം നിർവ്വഹിക്കാൻ സഹായിച്ചവർ ഉൾപ്പെടെയുള്ള മുഴുവൻ പ്രതികളെയും അറസ്റ്റ് ചെയ്യുന്നതിനുള്ള നടപടി ഉണ്ടായിട്ടില്ല. ഇതിനുവേണ്ടി രൂപീകരിച്ച പോലീസിന്റെ ഭാഗത്ത് ചെറിയ അലംഭാവം ഈ കാര്യത്തിൽ കാണുന്നു. ഇതൊരു നാടിന്റെ സമാധാനത്തിന്റെ പ്രശ്നമാണ്. ഈ ക്രൂരമായ കൃത്യത്തിൽ പങ്കെടുത്ത മുഴുവൻ ഗുണ്ടകളെയും നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാനുള്ള ശ്രമമുണ്ടാകണം. ഇതിൽ ഭരണകക്ഷിയിലെ സി.പി.ഐ.-യുടെ എല്ലാവിധ ഒത്താശയും സഹായവും ഈ പ്രതികൾക്കുണ്ടെന്നുള്ളതാണ് കാര്യങ്ങൾ വൈകാൻ കാരണമായിട്ടുള്ളത്. വളരെ പാവപ്പെട്ട ഒരു കുടുംബമാണ്. ആ കുടുംബത്തിന്റെ വരുമാനം ഈ കുട്ടിയായിരുന്നു. അതുകൊണ്ട് അവർക്ക് സാമ്പത്തികമായി നഷ്ടപരിഹാരം നൽകണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ അംഗത്തിന് കാര്യങ്ങൾ മനസ്സിലാക്കുന്നതിൽ എന്തോ ചില പ്രയാസങ്ങൾ ഉണ്ടെന്നാണ് തോന്നുന്നത്. ഈ കേസുമായി ബന്ധപ്പെട്ട വിവരങ്ങൾ ഗൗരവമായി അന്വേഷണം നടക്കുകയാണെന്നത് അദ്ദേഹത്തിന് അറിയാവുന്നതാണ്. ആ കാര്യം ഉൾക്കൊള്ളാൻ എന്തോ വിഷമം അദ്ദേഹത്തിനുണ്ട്. അതിന്റെ ഭാഗമായാണ് ഇത്തരമൊരു പ്രസ്താവന വന്നത്. ഇതിന്റെ വഴിക്രമം പരിശോധിച്ചാൽ മനസ്സിലാക്കാൻ കഴിയുക, എഫ്.ഐ.ആർ.-ൽ പേരുള്ള 5 പേരെയും സംഭവത്തിന് തൊട്ടടുത്ത ദിവസംതന്നെ അറസ്റ്റ് ചെയ്തു. 5 പേരെ ആദ്യ ദിവസംതന്നെ അറസ്റ്റ് ചെയ്യുകയാണ്. ഇതുമായി ബന്ധപ്പെട്ട് ഗൂഢാലോചനയുണ്ടെന്ന് വെളിവായപ്പോൾ അതിൽ ഐ.പി.സി. 120(b) വകുപ്പുകൂടി ഉൾപ്പെടുത്തി അന്വേഷണം നടത്തി 5 പേരെക്കൂടി അറസ്റ്റ് ചെയ്തു. ബാക്കി 3 പേരാണ് ഒളിവിലുള്ളത്. അവരെ അറസ്റ്റ് ചെയ്യുന്നതിനുള്ള ഊർജ്ജിതമായ നടപടി സ്വീകരിച്ചുവരികയാണ്. ഈ കേസിൽ ഉൾപ്പെട്ട വാഹനങ്ങൾ, ഉപയോഗിച്ച ആയുധങ്ങൾ ഇതെല്ലാം ബന്തവസ്സിലെടുത്ത് ശാസ്ത്രീയമായ പരിശോധന നടത്തി തെളിവുകൾ ശേഖരിച്ച് കേസ് കാര്യക്ഷമമായി മുന്നോട്ടുപോകുകയാണ്. എന്താണ് അദ്ദേഹത്തിന് ഇതുമായി ബന്ധപ്പെട്ട് ഇങ്ങനെയൊരു തോന്നൽ ഉണ്ടായതെന്ന് ഒരു തരത്തിലും പിടികിട്ടുന്നില്ല.

## ഫയൽ നീക്കം

ശ്രീ. കെ. വി. വിജയദാസ്: സർ, ഭരണ സിരാകേന്ദ്രമായ സെക്രട്ടേറിയറ്റിലേയ്ക്ക് ഭരണാനുമതിക്കും ഉത്തരവിനുമായി വരുന്ന ഒരോ ഫയലും കടന്നുപോകുന്നത് അനവധി തട്ടുകളിലൂടെയാണ്. ഇതുമൂലം സർക്കാരിന്റെ സേവനം ജനങ്ങളിലെത്തിച്ചേരുന്നതിന് അനിയന്ത്രിതമായ കാലതാമസമാണ് വന്നുചേരുന്നത്. ഇത് ഒഴിവാക്കണമെന്നാണ് എന്റെ സബ്മിഷൻ. ചീഫ് എഞ്ചിനീയർ, റോഡ്സ് ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതിക്കായി ഒരു ഫയൽ സെക്രട്ടേറിയറ്റിലേയ്ക്ക് അയച്ചാൽ ആ ഫയൽ കടന്നുപോകുന്ന വഴികൾ പരിശോധിക്കേണ്ടതാണ്. ഇ-ഫയൽ ആണെങ്കിൽ ഡി.പി.ആർ. ആണ് ആദ്യം ഓഫീസ് സെക്ഷനിൽ ചെല്ലുന്നത്. അവിടെ നമ്പർ ഇട്ട് സെക്ഷൻ ഓഫീസറുടെ ഇൻ-ബോക്സിൽ എത്തുന്നു. അത് പിന്നീട് അസിസ്റ്റന്റിന്റെ കയ്യിലെത്തുന്നു. പി.ഡബ്ല്യൂ.ഡി.-യിൽനിന്നും ഓഫീസ് സെക്ഷൻ, അസിസ്റ്റന്റ്, സെക്ഷൻ ഓഫീസർ, അണ്ടർ സെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, അഡീഷണൽ സെക്രട്ടറി, സ്പെഷ്യൽ സെക്രട്ടറി, സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, മിനിസ്റ്റർ എന്നിങ്ങനെയാണ് തട്ടുകൾ. മിനിസ്റ്റർ കണ്ടതിനുശേഷം വീണ്ടും അതേപോലെ പ്രിൻസിപ്പൽ സെക്രട്ടറി, സെക്രട്ടറി, സ്പെഷ്യൽ സെക്രട്ടറി, അഡീഷണൽ

സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറി, അണ്ടർ സെക്രട്ടറി, സെക്ഷൻ ഓഫീസർ, അസിസ്റ്റന്റ് എന്നിവരുടെ പരിശോധനയ്ക്ക് ശേഷമാണ് ഫിനാൻസ് ഡിപ്പാർട്ടുമെന്റിലേയ്ക്ക് എത്തുന്നത്. ഇത്രയും പേർ ഫയൽ കണ്ടതിനുശേഷം ഫയൽ വന്നതുപോലെ തിരിച്ചുപോകുന്നു. വീണ്ടും അസിസ്റ്റന്റിന്റെ കയ്യിലെത്തിച്ചേരുന്ന ഫയൽ നോട്ട് തയ്യാറാക്കി വീണ്ടും അണ്ടർ സെക്രട്ടറിയോ ജോയിന്റ് സെക്രട്ടറിയോ വരെ കണ്ട് അംഗീകരിച്ചതിനുശേഷം ഫയൽ എഫ്.എസ്.-നായി വിടുമ്പോൾ അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റിൽത്തന്നെ 19 തട്ടുകളിലായി പരിശോധിക്കുന്നു. തുടർന്ന് ഫിനാൻസ് ഡിപ്പാർട്ടുമെന്റിൽ എത്തിച്ചേരുന്ന ഫയൽ അവിടെയും ഏകദേശം 21 തട്ടുകളിൽ പരിശോധനയ്ക്ക് വിടുന്നു. അതിനുശേഷമാണ് അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റിൽ എത്തുന്നത്. അത് ഭരണ വകുപ്പിന് കൈമാറുന്നു. ഭരണ വകുപ്പിൽ വീണ്ടും എസ്.ഒ.-യുടെ കൈവശം എത്തിച്ചേരുന്ന ഫയൽ അസിസ്റ്റന്റിന് കൈമാറുന്നു. അസിസ്റ്റന്റ് വീണ്ടും 21 തട്ടുകളിലേയ്ക്ക് കൈമാറുന്നു. ചിലപ്പോൾ അഡീഷണൽ സെക്രട്ടറി വരെ കണ്ട് ജി.ഒ. ഡ്രാഫ്റ്റ് ചെയ്ത് അപ്രൂവ് ചെയ്ത് അസിസ്റ്റന്റിന്റെ കയ്യിൽ എത്തിച്ചേർന്ന് ഫെയർ കോപ്പി എടുത്ത് എസ്.ഒ. ഒപ്പിടുമ്പോൾ ഭരണാനുമതി ഉത്തരവ് തയ്യാറാകുന്നു. ഇത് സാധാരണഗതിയിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിനാണ്. ഒരു ഉത്തരവിന് 50-

ലേറെ തട്ടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. എല്ലാ ഓഫീസർമാരും അവധിയെടുക്കാതെ അവരവരുടെ സീറ്റുകളിൽ ഉണ്ടെങ്കിൽ മാത്രം, ക്വറി വീഴാതിരുന്നാൽ മാത്രമുള്ള കാര്യമാണിത്. ക്വറി ഓഫീസർമാർ ക്വറി കൂടി എഴുതി വിട്ട് മേലോട്ടും കീഴോട്ടും ഫയൽ പോയാൽ അത്രയും തട്ടുകളുടെ എണ്ണം കൂടുകയാണ്. ഇപ്രകാരം ഒരു ഉത്തരവ് ലഭിച്ചതിനുശേഷം മാത്രമേ ടി.എസ്., ടെണ്ടർ, എക്സിക്യൂഷൻ എഗ്രിമെന്റ് മുതലായവ കടന്ന് ഒരു വർക്ക് നാട്ടിൽ തുടങ്ങാൻ സാധിക്കൂ. ഒരു റോഡിന് ഭരണാനുമതി ലഭിക്കാൻ ഒരു വർഷത്തിലേറെ സമയമെടുക്കുന്നു. ഇത് കൂടെനിന്ന് ഫോളോ-അപ് ചെയ്താൽ മാത്രമുള്ള കാര്യമാണ്. അതിന്റെ അടിസ്ഥാനത്തിൽ വർക്ക് തുടങ്ങുമ്പോൾ അടുത്ത വർഷം സർക്കാരിന്റെ സേവനവും ആനുകൂല്യവും സഹായവും ജനങ്ങളിലെത്താൻ ഈ ഭരണത്തട്ടുകൾ വലിയ കാലതാമസമുണ്ടാക്കുകയാണ്. ഒരു ജീവനക്കാരന് ഒരു മെഡിക്കൽ അഡ്വാൻസ് വേണമെങ്കിൽ അതിന് അപേക്ഷിച്ചാൽ ഭരണ വകുപ്പ്, ആരോഗ്യ വകുപ്പ് പിന്നീട് ധനകാര്യ വകുപ്പ് കടന്ന് ആനുകൂല്യം ലഭിച്ചിട്ടില്ലാത്ത സ്ഥിതിയാണുള്ളത്. ഇതിനെല്ലാം വലിയ കാലതാമസമാണ് വരുന്നത്. ഇതെല്ലാം നിശ്ചിത സമയത്തിനുള്ളിൽ നടപ്പിലാക്കാൻ കഴിയുന്ന സാഹചര്യം, സെക്രട്ടേറിയറ്റിലെ ഫയലുകളിൽ തീരുമാനമെടുക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് ഫയലിലെ പരിശോധനാ തട്ടുകൾ ശാസ്ത്രീയമായി

കുറവ് ചെയ്യുന്നതിനും എത്രയും വേഗം നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഫയലുകളിൽ തീരുമാനം എടുക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കാലതാമസം ഗണ്യമായി കുറയ്ക്കാൻ തന്നെയാണ് ഉദ്ദേശിക്കുന്നത്. ബാക്കി വിശദമായ ഉത്തരം മേശപ്പുറത്ത് വയ്ക്കുന്നു.+

ഗണക സമുദായത്തിന്റെ ആനുകൂല്യങ്ങൾ

ശ്രീ. പി. ടി. തോമസ്: സർ, Other Backward Hindu വിഭാഗത്തിൽ 26, 29 ഇനത്തിൽപ്പെടുന്ന കണിയാൻ, കണിശാൻ, കമ്പൻ, ബില്യായ തുടങ്ങിയ പേരുകളിൽ അറിയപ്പെടുന്ന സമൂഹമാണ് ഗണകർ എന്ന് പൊതുവെ വിളിക്കുന്ന വിഭാഗം. കേരളത്തിൽ 10-14 ലക്ഷത്തോളം വരുന്ന ഗണക മഹാസഭയിൽ ഉൾപ്പെട്ടിട്ടുള്ള ഇവർക്ക് ഒ.ഇ.സി. വിദ്യാഭ്യാസ ആനുകൂല്യം ഉമ്മൻ ചാണ്ടി സർക്കാർ നൽകിയിരുന്നു. പ്രസ്തുത ആനുകൂല്യം റദ്ദാക്കാനുള്ള നീക്കം ഈ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകരുതെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. 60 വയസ്സ് കഴിഞ്ഞ പാരമ്പര്യ വൈദ്യന്മാർക്കും പാരമ്പര്യ കലാകാരന്മാർക്കും ക്ഷേമ പെൻഷൻ ഏർപ്പെടുത്തുക, സമുദായത്തിലെ പാരമ്പര്യ വൈദ്യന്മാർക്ക് ചികിത്സയ്ക്കും ഔഷധ

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

നിർമ്മാണത്തിനും ഔഷധ ചെടികൾ നട്ടുപരിപാലിക്കുന്നതിനും ലൈസൻസ്, സാമ്പത്തിക സഹായം തുടങ്ങിയവ നൽകുക, ഉദ്യോഗാർത്ഥികളുടെ പ്രവേശന പരീക്ഷകളുടെ ഫീസ് പകുതിയാക്കുക, പാരമ്പര്യമായി ആയുർവ്വേദം കൈകാര്യം ചെയ്യുന്നതിന് ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസത്തിന് 5 സീറ്റ് സംവരണം ചെയ്യുക തുടങ്ങിയ ആവശ്യങ്ങൾ മുന്നോട്ടുവയ്ക്കുകയാണ്. 23-05-2014-ൽ അനുവദിച്ച ഒ.ഇ.സി. വിഭാഗത്തിലെ കുട്ടികൾക്ക് നൽകുന്ന വിദ്യാഭ്യാസ ആനുകൂല്യം തുടർന്നും ഗണക സമുദായത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും യഥാസമയം ലഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുക, വിദ്യാഭ്യാസ ആനുകൂല്യത്തിനുള്ള സാമ്പത്തിക മാനദണ്ഡം 6 ലക്ഷം രൂപയിൽനിന്നും 8 ലക്ഷം രൂപയാക്കുക, ഗണകർക്ക് പ്രത്യേക സംവരണം ഏർപ്പെടുത്തുക, ദേവസ്വം-ക്ഷേത്ര കലാപീഠങ്ങളിൽ പഠിക്കുന്നതിന് ഗണക വിദ്യാർത്ഥികൾക്കും പഠിപ്പിക്കുന്നതിന് ഗണക അദ്ധ്യാപകർക്കും സംവരണം ഏർപ്പെടുത്തുക, ഗണക വിഭാഗത്തിലെ പെൺകുട്ടികൾക്ക് പ്രത്യേക വിദ്യാഭ്യാസ സംവരണം നടപ്പിലാക്കുക തുടങ്ങിയ ആവശ്യങ്ങൾ അംഗീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ആശാൻ കളരികളും ആയോധന കളരികളും ക്ഷേത്ര കലകൾ പഠിപ്പിക്കുന്ന കളരികൾ മുതലായവ സംരക്ഷിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. പിന്നോക്ക ക്ഷേമ വകുപ്പിന് കീഴിലുള്ള ലോണുകളിലെ

നടപടികൾ ലഘൂകരിക്കുക, പി.എസ്.സി. നിയമന സംവിധാനം നിലവിൽ വന്നതിനുശേഷം ഗണക ഉദ്യോഗാർത്ഥികൾക്ക് കാര്യമായ പരിഗണനയൊന്നും കിട്ടിയിട്ടില്ല. കൂടാതെ, കലാകാരന്മാരും സംസ്കൃത ജ്യോതിഷ വിദ്യാ പണ്ഡിതന്മാർക്കും ജന്മം കൊടുത്ത ഒരു സമുദായമാണിത്. അവരുടെ സംഭാവനകളെക്കുറിച്ച് വരും തലമുറയ്ക്ക് പഠിക്കുന്നതിനും അവരുടെ സൃഷ്ടികൾ പരിരക്ഷിക്കുന്നതിനും ആവശ്യമായ ഗണക കൾച്ചറൽ ഹെറിറ്റേജ് സ്റ്റഡി സെന്ററിന് സഹായം നൽകണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു. പടയണിയിൽ കോലമെഴുത്ത് കലാകാരന്മാർ അടക്കമുണ്ട്. ഈ കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഈ പറഞ്ഞതിൽ ഭൂരിപക്ഷവും എഴുതിത്തന്നിട്ടില്ല. പക്ഷെ പറഞ്ഞത് ആ കമ്മ്യൂണിറ്റിയെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ടതാണ്. അതെല്ലാം ഗവൺമെന്റ് ഗൗരവമായി പരിശോധിക്കും. ഗണക സമുദായം ഒ.ബി.സി.-യിൽ പ്പെട്ടതാണ്. വിദ്യാഭ്യാസത്തിന് ഒ.ഇ.സി. ആനുകൂല്യം ലഭ്യമാകുന്നുണ്ട്. Other Eligible Communities-ന് കിട്ടുന്ന ആനുകൂല്യം ഒരു രൂപത്തിലും ഗണക

സമുദായത്തിന് നിഷേധിക്കില്ല. ഇപ്പോൾ അത് കൊടുത്തുവരികയാണ്. ഏതെങ്കിലും രൂപത്തിലുള്ള പരാതിയുണ്ടെങ്കിൽ അത് പരിശോധിച്ച് ആവശ്യമായ നടപടിയെടുക്കും. ക്രീമിലെയർ വർദ്ധിപ്പിക്കണം, 6 ലക്ഷം രൂപയെന്നത് 8 ലക്ഷം രൂപയാക്കണമെന്ന് ബഹുമാനപ്പെട്ട പി. ടി. തോമസ് ഇവിടെ സൂചിപ്പിച്ചു. അത് ഗവൺമെന്റിന്റെ പരിഗണനയിലുള്ളതാണ്. അപ്പോൾ കുറച്ചുകൂടി കുട്ടികൾക്ക് ഇതിന്റെ ആനുകൂല്യം കിട്ടും. സബ്മിഷനിലുള്ള മറ്റൊരു ആവശ്യം, ഈ സമുദായത്തിലെ പാരമ്പര്യ വൈദ്യന്മാർക്ക് ചികിത്സയും ഔഷധ നിർമ്മാണത്തിന് ലൈസൻസും നൽകണമെന്നും ക്ഷേത്ര കലകൾ പഠിപ്പിക്കുന്ന കളരികൾ സംരക്ഷിക്കണമെന്നുമാണ്. ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതായിരിക്കും.

മരണവും തിരോധാനവും സംബന്ധിച്ച്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, വളരെ പ്രധാനപ്പെട്ട രണ്ട് വിഷയങ്ങളാണ് ഞാൻ സഭയിൽ അവതരിപ്പിക്കുന്നത്. പുൽപ്പള്ളി പോലീസ് സ്റ്റേഷന്റെ പരിധിയിൽ വരുന്ന മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിലെ മറക്കടവ് കോളനിയിൽ താമസിച്ചിരുന്ന വിനോദ് കർണ്ണാടകയോട് ചേർന്നുള്ള കന്നാരംപുഴയിൽ കുളിക്കാൻ പോയപ്പോൾ കർണ്ണാടക ഫോറസ്റ്റ് ഉദ്യോഗസ്ഥരുമായി വാക്കുതർക്കമുണ്ടാകുകയും അതുമായി

ഉണ്ടായ സംഘർഷത്തിൽ മനംനൊന്ത് 13-03-2018-ൽ ആത്മഹത്യ ചെയ്യുകയുണ്ടായി. രണ്ടാമത്തെ വിഷയം, മാനന്തവാടി താലൂക്ക് കോറോം വില്ലേജിൽ വെള്ളമുണ്ട പോലീസ് സ്റ്റേഷന്റെ പരിധിയിൽ വരുന്ന തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് കരിമ്പിൽ അണ്ണന്റെ മകൻ വിജയനെ 2018 ജനവരി 19-ന് കാണാതാവുകയുണ്ടായി. നാളിതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. വെള്ളമുണ്ട പോലീസ് സ്റ്റേഷനിൽ പലവട്ടം അന്വേഷിച്ചപ്പോഴും അവർ ചില സംശയങ്ങളാണ് പ്രകടിപ്പിക്കുന്നത്. അദ്ദേഹം മറ്റ് അപകടങ്ങളിലൊന്നും പെട്ടിട്ടില്ല. അദ്ദേഹത്തെ കുറിച്ച് അന്വേഷിക്കുമെന്നുള്ള വാക്കുകളാണ് അവർ പറയുന്നത്. ഈ രണ്ട് വിഷയത്തിലും ഗവൺമെന്റ് ഒരു അന്വേഷണം നടത്താൻ തയ്യാറാകണം. ഈ രണ്ട് കുടുംബത്തിനും അത്താണിയായിരുന്ന ഈ രണ്ട് യുവാക്കളും. ഈ കുടുംബത്തെ സാമ്പത്തികമായി സഹായിക്കുന്നതിനുവേണ്ടിയും സർക്കാർ തയ്യാറാകണമെന്നാണ് ഈ സബ്മിഷനിൽക്കൂടി അവതരിപ്പിക്കാനുള്ളത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ.കെ. ബാലൻ</u>): സർ, സുൽത്താൻ ബത്തേരി നിയോജക മണ്ഡലത്തിലെ വണ്ടിക്കടവ് കോളനിയിലെ

പണിയ സമുദായത്തിൽപ്പെട്ട വിനോദിന്റെ ആത്മഹത്യയും വെള്ളമുണ്ട പോലീസ് സ്റ്റേഷൻ പരിധിയിലുള്ള കരിമ്പിൽ അണ്ണന്റെ മകൻ വിജയന്റെ തിരോധാനവും സംബന്ധിച്ച് പ്രസ്തുത കുടുംബങ്ങൾക്ക് സർക്കാർ സഹായം ആവശ്യപ്പെട്ടുകൊണ്ടുള്ളതാണ് ഈ സബ്മിഷൻ. വിശദമായ റിപ്പോർട്ട് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു+. മാനന്തവാടി താലൂക്കിലെ വെള്ളമുണ്ട പഞ്ചായത്തിൽ നെടുമ്പലാശ്ശേരി കോളനിയിലെ 27 വയസ്സുള്ള കുറിച്യ യുവാവ് വിജയനെ 19-01-2018 മുതൽ കാണാതായതായി വെള്ളമുണ്ട സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു. 21-01-2018-ൽ വിജയന്റെ അച്ഛൻ നൽകിയ പരാതിയെ തുടർന്ന് വെള്ളമുണ്ട പോലീസ് സ്റ്റേഷൻ കെ.പി. ആക്ട് 2011-ലെ 57-ാം വകുപ്പ് പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിജയനെ കണ്ടെത്താനുള്ള അന്വേഷണം ഊർജ്ജിതമായി നടക്കുകയാണ്.

രണ്ട് കേസുകളാണുള്ളത്. ആ രണ്ട് കേസിലും പോലീസ് അന്വേഷണം നടന്നുവരികയാണ്. അന്വേഷണം പൂർത്തീകരിച്ച് പോലീസ് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ട മറ്റ് സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കാൻ സാധിക്കുകയുള്ളൂ. ഇക്കാര്യത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമങ്ങൾ നിയമപ്രകാരം കേസ് ചാർജ്ജ്

---

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മരണപ്പെട്ട വ്യക്തിയുടെ കുടുംബത്തിന് ധനസഹായം അനുവദിക്കാൻ വകുപ്പുതലത്തിൽത്തന്നെ നടപടി സ്വീകരിക്കുന്നതാണ്. 14-03-2018-ന് രാവിലെ സുൽത്താൻ ബത്തേരി പട്ടികവർഗ്ഗ വികസന വകുപ്പ് ഓഫീസർ വണ്ടിക്കടവ് കോളനി സന്ദർശിക്കുകയും വിനോദിന്റെ കുടുംബത്തിന് ശവസംസ്കാര ചെലവിലേയ്ക്ക് 5,000/- രൂപയും നൽകിയിട്ടുണ്ട്. മാത്രമല്ല, കുറ്റവാളികളെ കണ്ടെത്തി ശക്തമായ നടപടി സ്വീകരിക്കുന്നതിന് സബ്കളക്ടർ പോലീസിന് നിർദ്ദേശവും നൽകിയിട്ടുണ്ട്.

<u>സ്വകാര്യഭൂമി ഏറ്റെടുക്കൽ</u>

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട വെള്ളായണി കായലിൽ 1993 വരെ കായൽ വറ്റിച്ച് കൃഷി ചെയ്യുമായിരുന്നു. 1993-ൽ കെ. പി. നൂറുദ്ദീൻ ചെയർമാനായ നിയമസഭ പരിസ്ഥിതി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിൽക്കാലത്ത് വെള്ളം വറ്റിക്കാറില്ല. അവിടെ നൂറ്റിയറുപതോളം വരുന്ന സാധാരണ കർഷകരുടെ 256 ഏക്കർ ഭൂമി ഇന്ന് ആ വെള്ളത്തിനടിയിൽ കിടക്കുകയാണ്. 16-05-2017-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഭൂമി കൈവശക്കാരുടെ ലിസ്റ്റ് തയ്യാറാക്കുന്നതിന് കളക്ടറോട് ആവശ്യപ്പെടുകയും ആ ലിസ്റ്റ് തയ്യാറാക്കി

കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ വെള്ളത്തിനടിയിൽ കിടക്കുന്ന ഭൂമി അവർക്ക് യാതൊരു തരത്തിലും ഉപയോഗിക്കാൻ കഴിയാതിരിക്കുകയാണ്. നൂറ്റിയറുപതോളം വരുന്ന സാധാരണക്കാർക്ക് ആ ഭൂമി ഉപയോഗിക്കാൻ പറ്റാത്ത അവസ്ഥ. അത് ഏറ്റെടുക്കുന്നതിനുവേണ്ടി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുതന്നെ പ്രവർത്തനം ആരംഭിച്ചു. അത് പൂർണ്ണമായും ഏറ്റെടുക്കാൻ സർക്കാർ സത്വര നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ച കാര്യം ശരിയാണ്. ഒരുപാട് വർഷമായി നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രവർത്തനമാണിത്. ഈ പറയുന്ന ഭൂമി വെള്ളത്തിനടിയിൽ കിടക്കുന്നു എന്നുള്ളതുകൊണ്ട് ഇത്രയും കൃഷിക്കാർ അനുഭവിക്കുന്ന പ്രയാസങ്ങൾ സംബന്ധിച്ച് അവർ നേരത്തെ നിവേദനവും നൽകിയിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുതന്നെ അത് സംബന്ധിച്ച പരാതി ലഭിച്ചിട്ടുണ്ട്. അതിനുശേഷവും ഈ പരാതികളൊക്കെ ലഭിക്കുകയും അത് പരിശോധിക്കുകയും ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽത്തന്നെ 16-05-2017 ൽ യോഗം ചേർന്ന് തീരുമാനമെടുത്ത് ഇപ്പോൾ സ്ഥലവില നിശ്ചയിക്കുന്നതിനുവേണ്ടി ജില്ലാ കളക്ടറുടെ

സാന്നിദ്ധ്യത്തിൽ പരിശോധിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അതിനാവശ്യമായ നടപടി തുടർന്നും സ്വീകരിക്കുന്നതാണ്. ഈ മറുപടി ഞാൻ മേശപ്പുറത്തു വയ്ക്കുന്നു+.

ലാൻഡ് ട്രൈബ്യൂണലിലെ കേസുകൾ

ശ്രീ. സണ്ണി ജോസഫ്: സർ, സംസ്ഥാനത്തെ വിവിധ ലാൻഡ് ട്രൈബ്യൂണലുകളിൽ രണ്ട് ലക്ഷത്തോളം കേസുകൾ തീർപ്പാകാതെ കെട്ടിക്കിടക്കുകയാണ്. ഇത് ഭൂമിയുടെ കൈവശാവകാശം സംബന്ധിച്ചോ, ഉടമസ്ഥാവകാശം സംബന്ധിച്ചോ വലിയ തർക്കങ്ങളൊന്നും ഇല്ലാത്ത കേസുകളാണ്. ഈ കേസുകൾ അധികവും suo motu (SM) കേസുകളാണ്. വില്ലേജ് ഓഫീസുകളിൽനിന്ന് ഈ ഭൂമിക്ക്, ഇന്നയാൾക്ക് പട്ടയം കൊടുക്കണമെന്ന ശിപാർശയോടെ ഫയൽ ചെയ്യപ്പെടുന്ന കേസുകളാണ്. കേവലം ഒരു ഓർഡർ മാത്രമേയുള്ളൂ. സാങ്കേതികത്വം മാത്രമാണ്. ഒരു തർക്കവുമില്ലാത്ത കേസുകളാണ്. അങ്ങനെയുള്ള രണ്ട് ലക്ഷത്തോളം കേസുകളാണ് കെട്ടിക്കിടക്കുന്നത്. കണ്ണൂർ ജില്ലയിൽ മാത്രം, ബഹുമാനപ്പെട്ട മന്ത്രിതന്നെ ഒരു പത്ര സമ്മേളനത്തിൽ പറഞ്ഞിരിക്കുന്നു, 20,000 കേസുകൾ കണ്ണൂർ ജില്ലയിൽ കെട്ടിക്കിടക്കുന്നു. കുത്തുപറമ്പ് ലാന്റ് ട്രൈബ്യൂണലിൽ മാത്രം 16,000 കേസുകൾ

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

കെട്ടിക്കിടക്കുന്നുണ്ടെന്ന് കണ്ണൂർ ഡി.ഡി.സി. യോഗത്തിൽ കളക്ടർ മറുപടി നൽകിയതാണ്. തളിപ്പറമ്പ് താലൂക്ക് സഭ, അങ്ങുതന്നെ അംഗമായിട്ടുള്ള തളിപ്പറമ്പ് താലൂക്ക് സഭതന്നെ ഗവൺമെന്റിനോട് ഇക്കാര്യത്തിൽ പ്രത്യേകം ആവശ്യപ്പെട്ടിരിക്കുന്നു. തളിപ്പറമ്പിലേത് തന്നെ മൂന്ന് പത്ര വാർത്തകൾ, ദേശാഭിമാനി, ദീപിക, മാതൃഭൂമി എന്നിങ്ങനെ മൂന്ന് പത്ര വാർത്തകൾ എന്റെ കൈയിലുണ്ട്. ലാന്റ് ട്രൈബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന തർക്കരഹിതമായ കേസുകൾ സമയബന്ധിതമായി തീർക്കുന്നതിന് ഒരു പ്രത്യേക അദാലത്ത് വയ്ക്കണം. അല്ലെങ്കിൽ കൂടുതൽ എൽ.റ്റി. തഹസിൽദാർമാരെ ഇക്കാര്യത്തിലേയ്ക്ക് നിയോഗിക്കണം. അങ്ങനെ സാധാരണക്കാരുടെ അർഹതപ്പെട്ട ഇത്തരത്തിലുള്ള പട്ടയത്തിന്റെ അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കാൻ, പ്രഖ്യാപനത്തിനുപരിയായി ഫലപ്രദമായി നടപടി സ്വീകരിക്കാൻ അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചത് ശരിയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ലാൻഡ് ട്രൈബ്യൂണലുകളിൽ ഒരുപാട് കേസുകൾ കെട്ടിക്കിടക്കുകയായിരുന്നു. ലക്ഷക്കണക്കിന് കേസുകൾ. അത് വളരെ വേഗതയിൽ തീർപ്പാക്കുന്നതിനുള്ള നടപടിയാണ് പിന്നീട് സ്വീകരിച്ചിട്ടുള്ളത്. അതിന്റെ

ഭാഗമായി നിലവിലുണ്ടായിരുന്ന 17 ട്രൈബ്യൂണലുകളെ, അതുപോലെതന്നെ ഡെപ്യൂട്ടി കളക്ടർമാർ പ്രിസൈഡിംഗ് ഓഫീസർമാരായിട്ടുള്ള 14 ജില്ലകളിലെയും ഓരോന്നിന് പുറമേ 29 സ്പെഷ്യൽ ട്രൈബ്യൂണലുകളെ കൂടി നിശ്ചയിച്ചുകൊണ്ടാണ് കഴിഞ്ഞ ഒരു വർഷക്കാലമായി വേഗതയിൽ കാര്യങ്ങൾ നടത്തുന്നത്. അതിന്റെ ഭാഗമായി സംസ്ഥാനത്ത് 72,334 കേസുകൾ ഈ കാലയളവിൽ തീർപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ, കണ്ണൂർ ജില്ലയിൽ ഇരുപതിനായിരത്തോളം കേസ്സുകളുണ്ടായിരുന്നത് ഇപ്പോൾ 17,000 ആയി ചുരുങ്ങിയിരിക്കുന്നു. കുറേയൊക്കെ തീർന്നിട്ടുണ്ട്. കൂത്തുപറമ്പിൽ ഏതാണ്ട് 17,000-ൽ ചില്വാനം ഇപ്പോഴും ഓരോ ട്രൈബ്യൂണലുകളിലും ബാക്കി നിൽക്കുകയാണ്. എത്രയും പെട്ടെന്ന് തീർപ്പാക്കുന്നതിനുള്ള ഒരു നിർദ്ദേശം പൊതുവിൽ ലാൻഡ് ബോർഡ് നൽകിയിരിക്കുകയാണ്. പയ്യന്നൂരിൽ 3297 കേസ്സുകളുണ്ട്. അതുപോലെ തലശ്ശേരി, ഇരിട്ടി ദേവസ്വം ട്രൈബ്യൂണലിൽ 705 കേസാണ് ഇപ്പോഴുള്ളത്. മറ്റ് ട്രൈബ്യൂണലിലെ കേസുകൾ കൂടി തീർപ്പാക്കുന്നതിന് അവരെ പ്രത്യേകമായി ചുമതലപ്പെടുത്തിയിട്ടുണ്ട്. വില്ലേജ് ഓഫീസർമാർ ഉൾപ്പെടെയുള്ളവരെ, അദ്ദേഹം ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ suo motu ആയി വരുന്നത് വില്ലേജ് ഓഫീസർമാർ ഉൾപ്പെടെ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്. അതുകൂടി

വേഗതയിൽ തീർപ്പാക്കാനുള്ള ഏർപ്പാടുണ്ടാക്കാം.

കടൽഭിത്തി

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, ഓഖി ദുരന്തത്തിൽ തിരുവനന്തപുരം പോലെയുള്ള ജില്ലകളിൽ മത്സ്യത്തൊഴിലാളികൾ മരണമടഞ്ഞത് കടലിൽ മത്സ്യബന്ധനത്തിന് പോയപ്പോഴാണ്. എന്നാൽ കരയിലേയ്ക്ക് കടൽ വെള്ളം ഇരച്ച കയറിയതിനെ തുടർന്നാണ് ചെല്ലാനം പഞ്ചായത്തിൽ രണ്ട് പേർ ഓഖി ദുരന്ത കാലഘട്ടത്തിൽ മരണമടഞ്ഞത്. ഓഖി ദുരന്തത്തിന് ഇരയായ എറണാകുളം ജില്ലയിലെ ചെല്ലാനം പഞ്ചായത്തിൽ കടൽഭിത്തി തകർന്നിടത്തു കൂടിയാണ് കടൽവെള്ളം ഇരച്ച കയറിയത്. അതിനെ തുടർന്നാണ് രണ്ട് പേർ കൊല്ലപ്പെട്ടത്. അതുകൊണ്ടുതന്നെ അതിന് പരിഹാരം ഉണ്ടാക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേരുകയും അടിയന്തരമായി കടൽഭിത്തി പുനഃസ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാമെന്ന് ചർച്ച ചെയ്ത് തീരുമാനിച്ചതുമാണ്. കല്ല് കിട്ടാത്തതുകൊണ്ട് അവിടെ ജിയോ ട്യൂബ് ഇട്ടുകൊണ്ടുള്ള കടൽഭിത്തി നിർമ്മാണവും ഒപ്പം പുലിമുട്ട് നിർമ്മാണവും അടിയന്തരമായി നടപ്പിലാക്കേണ്ടതുണ്ട്. അടുത്ത കാലവർഷം വരുന്നതിന് മുൻപുതന്നെ ഈ പണി പൂർത്തീകരിച്ചില്ലെങ്കിൽ നടന്നതിനേക്കാൾ വലിയ ദുരന്തം

ചെല്ലാനം പഞ്ചായത്തിൽ ഉണ്ടാകും. അതുകൊണ്ട് കടൽഭിത്തി പുനഃസ്ഥാപനത്തിനുള്ള സാങ്കേതിക അനുമതിയടക്കം അടിയന്തരമായി നൽകി വേഗത്തിൽ പണി പൂർത്തീകരിക്കണമെന്നാണ് ആവശ്യപ്പെടുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യൂ റ്റി. തോമസ്): സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച സ്ഥലത്ത് 5 പ്രവൃത്തികൾക്ക് 16-01-2018-ൽ 8 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ ഒരു പ്രവൃത്തി, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച കരിങ്കല്ലിന്റെ ലഭ്യതക്കുറവുമൂലം ജിയോ ടെക്സ്റ്റൈൽ ട്യൂബ് ഉപയോഗിച്ച് നിർമ്മിക്കുന്നതിന് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. 03-04-2018-ന് അത് ടെണ്ടർ ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന നാല് പ്രവൃത്തികൾ നടപ്പാക്കുന്നത് സംബന്ധിച്ച് ഇന്ന് സാങ്കേതിക സമിതി കൂടി പ്രവൃത്തി ചെയ്യാനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇതുകൂടാതെ വൈപ്പിൻ ദ്വീപിലെ എടവനക്കാട് എന്ന സ്ഥലത്ത് നാല് പുലിമുട്ടുകൾ നിർമ്മിക്കുന്നതിന് 3.7 കോടി രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടി സ്വീകരിക്കുന്നതിന് സൂപ്രണ്ടിംഗ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## കടൽത്തീര സംരക്ഷണം

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, കേരളത്തിന്റെ വാണിജ്യ സാംസ്കാരിക

ജീവിതത്തിൽ പ്രധാന സ്ഥാനമുള്ള ഒരു വിഭാഗമാണ് നമ്മുടെ തീരപ്രദേശം. ഓഖി ദുരന്തത്തോടെ തീരദേശ മേഖല വലിയ പ്രതിസന്ധിയിലായിരിക്കുകയാണ്. സി.ആർ.ഇസഡും, തീരദേശ പരിപാലന നിയമവുമെല്ലാം അവരുടെ ജീവിതം കൂടുതൽ ദുഷ്കരമാക്കിയിരിക്കുകയാണ്. മൂന്ന് മാസം കൂടി കഴിഞ്ഞാൽ കടുത്ത കടലാക്രമണം ഉണ്ടാകുന്ന സ്ഥിതി കൂടിയുണ്ട്. ഭരണാനുമതി ലഭിച്ച നിരവധി പ്രവൃത്തികൾ കടൽഭിത്തി നിർമ്മാണം, പുലിമുട്ട് നിർമ്മാണം, സാങ്കേതികാനുമതി, ടെണ്ടർ തുടങ്ങിയ കാരണങ്ങൾകൊണ്ട് അനന്തമായി കാത്തുകിടക്കുകയാണ്. ടെണ്ടർ ചെയ്ത പദ്ധതിയാണെങ്കിൽ നേരത്തെ ഇവിടെ സൂചിക്കപ്പെട്ടതുപോലെ പാറ കിട്ടാതെ സ്ഥിരമായി മുടങ്ങുന്ന അവസ്ഥയുമാണ്. ഇതുമൂലം തീരദേശ മേഖലയുടെ വൻ പ്രതിഷേധത്തിനാണ് ജനപ്രതിനിധികൾ സാക്ഷ്യം വഹിക്കേണ്ടി വരുന്നത്. അതുകൊണ്ട് നമ്മുടെ തീരം സുരക്ഷിതമായി സംരക്ഷിക്കാൻ ആവശ്യമായ സ്ഥലങ്ങളിലൊക്കെ കടൽഭിത്തിയും പുലിമുട്ടും നിർമ്മിക്കാനും അതിലപ്പുറമായി തകർന്നു കിടക്കുന്ന കല്ലുകൾ റീ അറേഞ്ച് ചെയ്യുകയെന്നുള്ളതും ഏറ്റവും പ്രധാനമാണ്. മറ്റ് കല്ലുകൾ കൊണ്ടുവരുന്ന വിഷയമില്ല, ടെണ്ടറിന്റെ വിഷയമില്ല, ഇവിടെ ഉള്ള കല്ലുകൾ തന്നെ റീ അറേഞ്ച് ചെയ്താൽ മതിയാകും. പുതിയ സാധ്യതകൾ പറയുന്നുണ്ട്, ആ സാധ്യതകളൊക്കെ വളരെ വേഗത്തിൽ

പ്രയോജനപ്പെടുത്തണം. പ്രത്യേകിച്ച് തീരപ്രദേശം, കയ്പമംഗലം ഉൾപ്പെടെയുള്ള എന്റെ പ്രദേശത്ത് ശ്രദ്ധിക്കണമെന്നാണ് എനിക്ക് വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു. ടി. തോമസ്): സർ, വിശദമായ മറുപടിയാണ്, മേശപ്പുറത്ത് വയ്ക്കാം. കയ്പമംഗലം നിയോജകമണ്ഡലത്തിൽ കടൽഭിത്തിയുടെ പുനരുദ്ധാരണത്തിന് ആവശ്യമായ സ്ഥലങ്ങളിൽ നാലു പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്, മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.

സമഗ്ര കുടിവെള്ള പദ്ധതി

ശ്രീ. പി. ഉബൈദുള്ള: സർ, മലപ്പുറം നിയോജകമണ്ഡലത്തിലെ പൂക്കോട്ടൂർ, മൊറയൂർ, പുൽപറ്റ പഞ്ചായത്തുകളിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി ഒരു സമഗ്ര കുടിവെള്ള പദ്ധതിക്ക് 49.50 കോടി രൂപ അടങ്കൽ നിശ്ചയിച്ച് മുൻ സർക്കാരിന്റെ കാലത്ത് പ്രാഥമിക നടപടി ആരംഭിക്കുകയും, മുൻ വർഷങ്ങളിലെ ബഡ്ജറ്റുകളിൽ ടോക്കൺ പ്രൊവിഷനായി ഇടംപിടിക്കുകയും ചെയ്തിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നയുടനെ ബഹുമാനപ്പെട്ട മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നിയമസഭയിലെ മന്ത്രിയുടെ ചേംബറിൽ ചേർന്ന മലപ്പുറം ജില്ലയിലെ കുടിവെള്ള പദ്ധതികളുടെ അവലോകന

യോഗത്തിൽ വച്ച് ചാലിയാർ പുഴയിൽനിന്നും ഉറവിടം കണ്ടെത്തി മഞ്ചേരി മണ്ഡലത്തിലെ തൃക്കലങ്ങോട്, വണ്ടൂർ മണ്ഡലത്തിലെ പോരൂർ പഞ്ചായത്തുകൾ കൂടി ഉൾപ്പെടുത്തി ഒരു സമഗ്ര കുടിവെള്ള പദ്ധതിക്ക് രൂപം നൽകാൻ തീരുമാനിക്കുകയുണ്ടായി. പദ്ധതിയുടെ സർവ്വേ നടപടികൾക്കായി പൂക്കോട്ടൂർ, പുൽപറ്റ, മൊറയൂർ എന്നീ പഞ്ചായത്തുകൾ അവരുടെ വിഹിതമായ മൂന്ന് ലക്ഷം രൂപ വീതം കെ.ഡബ്ല്യൂ.എ.യിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്. ടാങ്ക് നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് 5 പഞ്ചായത്തുകളോട് ഫണ്ട് നീക്കിവെയ്ക്കാൻ ആവശ്യപ്പെട്ടതായി അറിയുന്നു. എന്നാൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നിയമസഭയിൽ അവതരിപ്പിച്ച 2018-19 വർഷത്തെ ബഡ്ജറ്റിൽ അപെൻഡിക്സ് വോള്യം 2, ഐറ്റം നമ്പർ 6711, പേജ് നമ്പർ 272-ൽ ആദ്യം നിർദ്ദേശിക്കപ്പെട്ട പഞ്ചായത്തുകൾ ഒഴിവാക്കി പകരം പ്രസ്തുത കുടിവെള്ള പദ്ധതിക്ക് തൃക്കലങ്ങോട്-പോരൂർ കുടിവെള്ള പദ്ധതിയെന്ന് പുനർ നാമകരണം ചെയ്തതായും 5.80 കോടി രൂപ വകയിരുത്തിയതായും കാണാൻ കഴിയുന്നു. പ്രസ്തുത പ്രൊപ്പോസൽ പുന:പരിശോധിക്കുവാനും, അഞ്ച് പഞ്ചായത്തുകൾ ഉൾപ്പെടുന്ന പൂക്കോട്ടൂർ-മൊറയൂർ-പുൽപറ്റ-തൃക്കലങ്ങോട്-പോരൂർ സമഗ്ര കുടിവെള്ള പദ്ധതി തന്നെയാക്കി നിലനിർത്താനും ഇതിനാവശ്യമായ ഫണ്ട് ബഡ്ജറ്റിൽ

നീക്കിവയ്ക്കണമെന്ന് അഭ്യർത്ഥിച്ച് 6-2-2018-ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് കത്ത് നൽകിയിരുന്നു. ഈ കത്തിന്റെ കൂടി അടിസ്ഥാനത്തിൽ പ്രസ്തുത പഞ്ചായത്തുകളിൽ വൻകിട പദ്ധതികളൊന്നുംതന്നെ നിലവിലില്ലാത്ത സാഹചര്യത്തിൽ രൂക്ഷമായ കുടിവെള്ള ക്ഷാമത്തിന് പരിഹാരം കാണുന്നതിനുവേണ്ടി, ഈ സമഗ്ര കുടിവെള്ള പദ്ധതി അടിയന്തരമായി നടപ്പാക്കാൻ നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു. ടി. തോമസ്): സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ ചാലിയാർ പുഴ സ്രോതസ്സാക്കി പൂക്കോട്ടൂർ-മൊറയൂർ-പുൽപ്പറ്റ എന്നീ പഞ്ചായത്തുകളും സമീപമുള്ള തൃക്കലങ്ങോട്-പോരൂർ എന്നീ പഞ്ചായത്തുകളെയും ഉൾപ്പെടുത്തിയാണ് 37 ദശലക്ഷം ലിറ്റർ സ്ഥാപിത ശേഷിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്, അതനുസരിച്ചുള്ള നടപടികൾ സാമ്പത്തിക സ്രോതസ്സ് കണ്ടെത്തി മുന്നേറാനാണ് ശ്രമിക്കുന്നത്.

## റോഡുകളുടെ നവീകരണം

ശ്രീ. ഹൈബി ഈഡൻ: സർ, കേരളത്തിൽ ഏറ്റവും കൂടുതൽ റോഡ് അപകടങ്ങൾ നടക്കുന്നത് എറണാകുളത്താണ്. എറണാകുളം സിറ്റി

പോലീസിന്റേയും, റൂറൽ പോലീസിന്റേയും കണക്കപ്രകാരം 5797 അപകടങ്ങളാണ് നടന്നിട്ടുള്ളത്. റോഡ് സേഫ്റ്റി അതോറിറ്റി എട്ട് മാസങ്ങൾക്കു മുൻപ് 3.15 കോടി രൂപ എറണാകുളം ജില്ലയിലെ 35 ബ്ലാക്ക് സ്പോട്ടുകൾ, അത് അപകട രഹിതമാക്കാനുള്ള നടപടിയുമായി ബന്ധപ്പെട്ട് പണം അനുവദിച്ചിരുന്നു. പക്ഷേ ഒരു രൂപ പോലും ഇതുവരെ കിട്ടിയിട്ടില്ലെന്നതാണ് ദൗർഭാഗ്യകരമായ കാര്യം. വാഹന സെസ് ഇനത്തിലും ടാക്സ് ഇനത്തിലും ഏറ്റവും കൂടുതൽ നികുതി അടയ്ക്കുന്നത് എറണാകുളം ജില്ലയിൽ നിന്നാണ്. ലോംങ്ങ് ടേം, ഷോർട്ട് ടേം പ്ലാനുകൾ, നാറ്റ്പാക്കും, മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റും തയ്യാറാക്കി നൽകിയിട്ടും യാതൊരു നടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ലെന്നു മാത്രമല്ല, ഈ പണം ലഭ്യമായില്ലെങ്കിൽ സി.എസ്.ആർ. (കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി) ഫണ്ടുപയോഗിച്ച് ഈ റോഡു പരിധിയിലുള്ള സ്ഥാപനങ്ങൾ പണം ചെലവഴിക്കാൻ തയ്യാറാണ്. അതിനുപോലും അനുമതി നൽകിയിട്ടില്ല. ഒരുപാട് പ്രധാനപ്പെട്ട റോഡുകളാണ്, ഞാൻ റോഡുകളുടെ പേര് വായിക്കുന്നില്ല, 35 ബ്ലാക്ക് സ്പോട്ടുകൾ ഐഡന്റിഫൈ ചെയ്തിട്ടുണ്ട്, ഇതിന് വേണ്ടി എന്ത് നടപടി സ്വീകരിക്കാൻ സാധിക്കും, എത്രയും വേഗം അപകടങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടിയുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ ഗവൺമെന്റ്

തയ്യാറാകണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, കേരളത്തിലെ 275-ാളം വരുന്ന ബ്ലാക്ക് സ്പോട്ടുകളിൽ എറണാകുളം ജില്ലയിൽ നാറ്റ്പാക്ക് ശിപാർശ ചെയ്തത് 35 കേന്ദ്രങ്ങളിലെ നവീകരണമാണ്. അതിനുവേണ്ടി 8-11-2017-ൽ യോഗം ചേർന്നു കൊണ്ട് കേരളാ റോഡു സുരക്ഷാ അതോറിറ്റി ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ 3.74 കോടി രൂപയുടെ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇത് കേരള ട്രാൻസ്പോർട്ട് പ്രോജക്ട് ഫെയ്സ് രണ്ടിന്റെ ചലഞ്ച് ഫണ്ടിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച് കെ.എസ്.ടി.പി.യുടെ അഭിപ്രായം ആരാഞ്ഞു. അത് ചലഞ്ച് ഫണ്ട് പ്രോഗ്രാമിൽ ഉൾപ്പെടുത്താമെന്ന് കെ.എസ്.ടി.പി. സമ്മതിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 13-3-2018-ന് ചേർന്ന 34-ാമത് റോഡ് സുരക്ഷാ അതോറിറ്റി യോഗം ഈ പ്രവൃത്തി ചലഞ്ച് ഫണ്ട് പ്രോഗ്രാമിൽ ഉൾപ്പെടുത്തുന്നതിന്റെ ശിപാർശയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇക്കാര്യം കെ.എസ്.ടി.പി.യെ അറിയിക്കുകയും ചെയ്തിട്ടുണ്ട്, ലോകബാങ്കിന്റെ മാനദണ്ഡങ്ങൾക്കനുസരിച്ച് ഈ പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുന്നതാണ്.

## ട്രഷറികളിലെ തുക പിൻവലിച്ചത് സംബന്ധിച്ച്

ശ്രീ. വി. ഡി. സതീശൻ: സർ, ഈ കഴിഞ്ഞ സാമ്പത്തിക വർഷം അവസാനിക്കുന്ന മാർച്ച് 31-ാം തീയതി വിവിധ വകുപ്പുകളിലെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും ട്രഷറിയിൽ പാർക്ക ചെയ്തിരുന്ന പണം, സർക്കാർ ഒരു ഉത്തരവിലൂടെ പിൻവലിക്കുകയുണ്ടായി. ആദ്യത്തെ ഉത്തരവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പണം കൂടി ഉണ്ടായിരുന്നു പിന്നീട് അത് മാറ്റി. അതിന് ഗവൺമെന്റിന്, ധനകാര്യവകുപ്പിന് അതിന്റേതായ കാരണങ്ങളുണ്ട്, ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. പക്ഷെ മൊത്തം പണം എടുത്തു മാറ്റിയതോടുകൂടി വിവിധ വകുപ്പുകളിലും, വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലും ഒരു പൈസപോലും ദൈനംദിന കാര്യങ്ങൾക്ക് ഇല്ലാത്ത സ്ഥിതിയാണ്. ഞാനൊരുദാഹരണം പറയാം, കോഴിക്കോട്ടെ ഏറ്റവും പ്രധാനപ്പെട്ട ശാസ്ത്ര സാങ്കേതിക കൗൺസിലിന്റെ കീഴിലുള്ള പ്രധാനപ്പെട്ട സ്ഥാപനമാണ് സി.ഡബ്ല്യൂ.ആർ.ഡി.എഫ്. അവരുടെ 9 കോടി രൂപയാണ് മാറ്റിയത്. അവർക്ക് ഏപ്രിൽ മാസം 1-ാം തീയതി ശമ്പളം കൊടുക്കേണ്ട പണംപോലും അവിടെയില്ല. ധാരാളം ശാസ്ത്രജ്ഞൻമാരുള്ള പ്രധാനപ്പെട്ട സ്ഥാപനമാണ്. ഒരാൾക്ക് പോലും ശമ്പളം കൊടുക്കാനുള്ള പൈസയില്ല. അവരുടെ പ്രോജക്ടുകൾക്ക് ആവശ്യമായ പൈസയില്ല, അവിടെ

മൊട്ടുസൂചി വാങ്ങാനുള്ള പണംപോലുമില്ല. യൂണിവേഴ്സിറ്റികളിലും വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലും ഇതാണ് സ്ഥിതി. സർക്കാർ ഇങ്ങനെയൊരു തീരുമാനമെടുക്കുമ്പോൾ അതിനൊരു ആൾട്ടർനേറ്റീവ് മെക്കാനിസം കൂടി ചെയ്തിട്ട്, അവരുടെ ദൈനംദിന കാര്യങ്ങളും, ശമ്പളവും കൊടുക്കാനുള്ള പൈസയെടുക്കാൻ വേണ്ട സംവിധാനംപോലും ഒരുക്കാതെ, ഇങ്ങനെ ഏകപക്ഷീയമായ ഒരുത്തരവ് പുറപ്പെടുവിച്ചത് ശരിയല്ല, അതിനുള്ള പകരം സംവിധാനം ഏർപ്പെടുത്തണമെന്നാണ് എന്റെ ആവശ്യം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): സർ, ബഹുമാനപ്പെട്ട മെമ്പർ ഇന്നലെയാണ് പ്രശ്നമുന്നയിച്ചിരുന്നതെങ്കിൽ അതിൽ സാംഗത്യം ഉണ്ടായിരുന്നേനെ. ഇന്നലെ ഉച്ചയ്ക്ക് മൂന്ന് ഗവൺമെന്റ് ഉത്തരവുകൾ ഇറങ്ങിയിട്ടുണ്ട്, അത്പ്രകാരം എൽ.എസ്.ജി.യിൽ നിന്നും എടുത്ത 1100 കോടി രൂപയുടെ ജനറൽ പർപ്പസ് ഫണ്ടെല്ലാം പൂർണ്ണമായി പുനഃസ്ഥാപിച്ചു. അങ്ങ് പറഞ്ഞതുപോലുള്ള കേസ്സുകൾ ദൈനംദിന അക്കൗണ്ടിൽ സാലറിക്കും മറ്റും കൊടുക്കുന്നതിനു വേണ്ടിയുള്ളത്, അത് ഫിനാൻസിൽ പോലും വരേണ്ട, ബന്ധപ്പെട്ട വകുപ്പിന് അതിന്റെ ആനുവൽ പ്ലാനിന്റെ 1/6, അല്ലെങ്കിൽ ടി.എസ്.ബി. അക്കൗണ്ടിൽ നിന്നും റിസീവ് ചെയ്ത തുക എത്രയാണോ, അത്രയും തുക ടി.എസ്.ബി.യിലേയ്ക്ക്

അവർക്കു തന്നെ ഇടാനുള്ള പെർമിസീവ് സാങ്ഷൻ കൊടുത്തുകൊണ്ട് ഇന്നലെ ഉത്തരവ് ഇറങ്ങി. മൂന്നാമത്തേത് ഇതിലൊന്നുംപെടാത്ത കേസ്സുകളുണ്ടാകും, സാലറിയല്ലാത്തത്, അഡീഷണൽ ആതറൈസേഷൻ വേണമെങ്കിൽ അവർ അതിനുവേണ്ടിയുള്ള ഒരു പ്രൊപ്പോസൽ തന്നു കഴിഞ്ഞാൽ ഒരു കാലതാമസവുമുണ്ടാകുകയില്ല കൊടുക്കും.

ശ്രീ. വി. ഡി. സതീശൻ:.....(മൈക്ക് ഓഫ്)....... എത്ര ദിവസമെടുക്കും കൺസേൺഡ് ഡിപ്പാർട്ടുമെന്റ് സാങ്ഷൻ ചെയ്യുന്നതിനും, ഈ പൈസ ട്രാൻസ്ഫർ ചെയ്യുന്നതിനും, അത്രയും ദിവസം അവരുടെ ശമ്പളം കൊടുക്കണ്ടേ?

ഡോ. ടി. എം. തോമസ് ഐസക്: സർ, അതാണ് ഞാൻ പറഞ്ഞത്, ഫിനാൻസിൽ പോലും വരേണ്ട, അങ്ങനെയുള്ള കേസ്സിൽ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിന് അലോക്കേറ്റു ചെയ്യാം. ടി.എസ്.ബി. അക്കൗണ്ടിൽ പണം ഇട്ടുകൊടുക്കാം, ആ കാലതാമസം പോലും ഒഴിവാക്കി ഉത്തരവിറക്കിയിട്ടുണ്ട്. അങ്ങ് പറഞ്ഞത് ശരിയാണ്, ഇങ്ങനെയുള്ള പ്രശ്നങ്ങൾ വരുന്നു. കാരണം നമ്മുടെ ഫിനാഷ്യൽ രീതിയിൽ വലിയ മാറ്റം വരികയാണ്. ഇതുവരെ നമ്മുടെ ചിട്ട, ടി.എസ്.ബി. അക്കൗണ്ടിൽ പണം ഇടുന്നു, ആവശ്യാനുസരണം പിൻവലിക്കുന്നു. പക്ഷെ, ഇനിമേൽ അത് പറ്റുകയില്ല. കാരണം കേന്ദ്രസർക്കാർ അവിടെകിടക്കുന്ന

പണം അഡീഷണൽ ബോറോയിംഗ് ആയി കണക്കാക്കുന്നു. ഒന്ന്, ഇന്നത്തെപ്പോലെ ടി.എസ്.ബി. അക്കൗണ്ടിൽ പണം സൂക്ഷിക്കാം, പക്ഷെ മാർച്ച് 31-ന് പോകുമെന്ന് നേരത്തെ അറിഞ്ഞിരിക്കണം. രണ്ട്, കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും എല്ലാ ഡയറക്ട് ബെനിഫിഷ്യറിക്കും നേരിട്ട് പണം ട്രാൻസ്ഫർ ചെയ്യുന്ന രീതിയിലേക്ക് മാറാം. മൂന്ന്, ഗ്രാൻഡ് ഇൻ ഇൻസ്റ്റിറ്റ്യൂഷൻസിൽ പറഞ്ഞവരെയൊക്കെ ഡി.ഡി.ഒ.മാരായി മാറ്റാം, ഇപ്പോൾ അവരല്ല, അതുകൊണ്ടാണ് ടി.എസ്.ബി. അക്കൗണ്ടിൽ പണം ഇടേണ്ടി വരുന്നത്. ഡി.ഡി.ഒ.മാരായി കഴിഞ്ഞാൽ അവർക്ക് കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പിൻവലിക്കാം. ബാക്കിയെല്ലാം ഡിപ്പാർട്ടുമെന്റ് ചെയ്യുന്നതുപോലെ തന്നെ. അതല്ലെങ്കിൽ ഇപ്പോൾ എസ്.എസ്.എ.യ്ക്ക് നട<u>ത്തു</u>ന്നതുപോ,ലെ എൻ.ആർ.ഇ.ജി.എസ്. നട<u>ത്തു</u>ന്നതുപോലെ എൻ.എസ്.സി.യുടെ പലതരത്തിൽ പണം ട്രാൻസ്ഫർ ചെയ്യുന്നത് മോണിറ്റർ ചെയ്യാം. ബാങ്കിൽ ഇട്ടോട്ടേ, പക്ഷേ....

പ്രതിപക്ഷ നേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, യൂണിവേഴ്സിറ്റികളുടെ ഫണ്ടും ട്രാൻസ്ഫർ ചെയ്തിരിക്കുകയാണ്. സ്വയം ഭരണാവകാശമുള്ള സ്ഥാപനങ്ങളാണ് യൂണിവേഴ്സിറ്റികൾ, അവരുടെ ഫണ്ടും ട്രാൻസ്ഫർ ചെയ്തിരിക്കുകയാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇത് ഒരു ദിവസം 31-ാം തീയതി റെസ്യൂം ചെയ്തു, ആദ്യത്തെ വർക്കിംഗ് ഡേയിൽ ഈ ഉത്തരവുകൾ ഇറങ്ങിയിരിക്കുന്നു. കാരണം കഴിഞ്ഞ വർഷം നടന്നതുപോലെ വരാൻ പാടില്ല. കഴിഞ്ഞ വർഷം നമ്മുടെ Public Account went up by 13,000 crores. 95% പ്ലാൻ എക്സ്പെൻഡിച്ചർ വന്നതിൽ നല്ലൊരു പങ്ക് ഇങ്ങനെ ട്രാൻസ്ഫർ വരുന്നുണ്ട്. അത് അക്കൗണ്ടിൽ കിടന്നു കഴിഞ്ഞാൽ കഴിഞ്ഞ വർഷമുണ്ടായ പ്രശ്നം റിപ്പീറ്റ് ചെയ്യും. 31-ാം തീയതി റെസ്യൂം ചെയ്തു, ഈ പ്രശ്നം പിറ്റേന്ന് തീർത്തു.

മി. ചെയർമാൻ: ഒരു ഡിബേറ്റിലേക്ക് പോകാൻ പറ്റില്ല, സബ്മിഷനാണ് ഇന്ന് സമയമില്ല.

ശ്രീ. വി. ഡി. സതീശൻ:.....(മൈക്ക് ഓഫ്)....... ഈ മാർച്ച് 31-ന് ട്രഷറിയിൽ പാർക്ക് ചെയ്തിരുന്ന പണം പിൻവലിക്കുമെന്ന് നേരത്തെ അറിയാമായിരുന്നിട്ടും പകരം ഒരു ആൾട്ടർനേറ്റീവ് മെക്കാനിസം തയ്യാറാക്കാതെ ഏകപക്ഷീയമായി പിൻവലിച്ചു.

ഡോ. ടി. എം. തോമസ് ഐസക്: സർ, ആൾട്ടർനേറ്റീവ് മെക്കാനിസം സംബന്ധിച്ച് ഞാൻ 4 ചോയ്സ് പറഞ്ഞു. ആ നാല് ചോയ്സിൽ ഏത് വേണമെന്നുള്ളത് ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളോട് ചർച്ച ചെയ്ത് ആൾട്ടർനേറ്റീവ്

മെക്കാനിസം വരും. ടി.എസ്.ബി. അക്കൗണ്ടിലിട്ട് ചെലവാക്കുന്ന രീതിയിൽ നിന്ന് ചെലവാക്കൽ ഇന്നത്തെ പോലെ സുഗമമായി നടക്കുകയും എന്നാൽ പബ്ലിക് അക്കൗണ്ട് വർദ്ധിക്കാതിരിക്കുകയും ചെയ്യുന്ന പ്രൊപ്പോസൽ ഞാൻ പറഞ്ഞു, Its under consideration.

## ഡെങ്കിപ്പനി തടയാൻ ജൈവകീടനാശിനി ഉപയോഗം

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, സംസ്ഥാനത്ത് ഇത്തവണ ഡെങ്കിപ്പനി വരുന്നത് തടയുന്നതിന് മുൻകൂട്ടിത്തന്നെ ഫലപ്രദമായ മാർഗ്ഗങ്ങൾ നടപ്പാക്കേണ്ടതായിട്ടുണ്ട്. ഡെങ്കിപ്പനി പരത്തുന്ന കൊതുകുകളെ നശിപ്പിക്കുവാൻ ബാക്ടീരിയകളായ ബാസില്ലസ് തുറിഞ്ചിയൻസിസ്, ബാസില്ലസ് സ്പെരികസ് മുതലായവ അമേരിക്കയിലും യൂറോപ്പിലും 1980-കൾ മുതൽ ഉപയോഗിച്ചുവരുന്നുണ്ട്. എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട ഏറ്റുമാനൂർ മുനിസിപ്പാലിറ്റിയിൽ കോട്ടയം മെഡിക്കൽ കോളേജിലെ ഫീൽഡ് സ്റ്റാഫ് ഡോ. സജിത് കുമാറിന്റെ നേതൃത്വത്തിൽ 2017 ഏപ്രിൽ, മെയ് മാസങ്ങളിൽ ബാസില്ലസ് തുറിഞ്ചിയൻസിസ് സ്പ്രേ ചെയ്യുകയുണ്ടായി. ഈ പ്രദേശങ്ങളിൽ നിന്നും റിപ്പോർട്ട് ചെയ്തത് പത്തിൽ താഴെ കേസ്സുകൾ മാത്രമാണ്. അതേ സമയം സമീപ പഞ്ചായത്തുകളിൽ 50-ൽ കൂടുതൽ കേസ്സുകൾ റിപ്പോർട്ട് ചെയ്യുകയുണ്ടായി. തിരുവനന്തപുരത്തെ പബ്ലിക് ഹെൽത്ത്

പ്രൊട്ടക്ഷൻ സൊസൈറ്റിയുടെ ആവശ്യപ്രകാരം തിരുവനന്തപുരം കോർപ്പറേഷനിലെ ആക്കുളം പ്രദേശത്ത് ബാസില്ലസ് തുറിഞ്ചിയൻസിസ് 2017 നവംബർ, ഡിസംബർ മാസങ്ങളിൽ സ്പ്രേ ചെയ്യുകയുണ്ടായി, ഫലം വളരെ പ്രോത്സാഹജനകമായിരുന്നു. ഈ സാഹചര്യത്തിൽ സംസ്ഥാന വ്യാപകമായി ബാസില്ലസ് തുറിഞ്ചിയൻസിസ് എന്ന ജൈവ കീടനാശിനി ഉപയോഗിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ദേശീയ പ്രാണി ജന്യ രോഗ നിയന്ത്രണ പരിപാടിയുടെ ഭാഗമായി കൊതുകിന്റെ കൂത്താടികളെ നശിപ്പിക്കുന്നതിനായി വളരെ ഫലപ്രദമായി കഴിഞ്ഞ ഏതാനും വർഷങ്ങളായി ഉപയോഗിച്ചുവരുന്ന ജൈവകീടനാശിനിയാണ് ബാസില്ലസ് തുറിഞ്ചിയൻസിസ് ഇസ്രേലിയൻസിസ് സീറോ ടൈപ്പ് എച്ച്-14 എന്നുപറയുന്ന കീടനാശിനി. ഇത് വളരെ ഫ്രലപ്രദമാണെന്ന് തെളിഞ്ഞിട്ടുണ്ട്. ശുദ്ധജലത്തിൽ തളിച്ച് ഉപയോഗിക്കാവുന്നതാണ്, മലിന ജലത്തിലും ഉപയോഗിക്കാവുന്നതാണ് എന്നാൽ കുടിവെള്ളത്തിൽ ഉപയോഗിക്കാറില്ല. ഡെങ്കിപ്പനി, മലമ്പനി, മന്ത് തുടങ്ങിയ കൊതുകുജന്യ രോഗങ്ങൾ തടയുന്നതിന് ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്ന ഈ കീടനാശിനി മറ്റ് ജല

കീടനാശിനികളേക്കാൾ ഫലപ്രദമാണ്. ഉദാഹരണത്തിന് ടെമിഫോസ് എന്ന കെമിക്കൽ കീടനാശിനി/കൂത്താടിനാശിനി ആഴ്ചയിൽ ഒരിക്കൽ പ്രയോഗിക്കേണ്ടി വരുമ്പോൾ ബി.ടി.ഐ. രണ്ടാഴ്ചയിലൊരിക്കൽ പ്രയോഗിച്ചാൽ മതി. ഇതിന് വില അൽപ്പം കൂടുതലാണെങ്കിലും വ്യാപകമായി ഉപയോഗിക്കുന്നതിന് പരിശ്രമിക്കുന്നതാണ്.

## ഹോമിയോ മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപക നിയമനം

ശ്രീ. എ. പ്രദീപ് കുമാർ: സർ, നമ്മുടെ സംസ്ഥാനത്തെ ഹോമിയോ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം സ്തംഭിക്കാനിടയാക്കുന്ന വളരെ ഗൗരവമുള്ളൊരു പ്രശ്നമാണ് ഞാൻ ഉന്നയിക്കുന്നത്. 2018-2019 വർഷത്തിൽ നമ്മുടെ സംസ്ഥാനത്തെ ഹോമിയോ മെഡിക്കൽ കോളേജുകളിലെ ഉയർന്ന തസ്തികകളിലുള്ള 17 അദ്ധ്യാപകർ വിരമിക്കുകയാണ്. അതേസമയം ഹോമിയോ മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപകരുടെ എൻട്രി തസ്തികയിലെ യോഗ്യത നിശ്ചയിച്ച് സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തിയിട്ടില്ലാത്തതുകൊണ്ട് കഴിഞ്ഞ പത്തുവർഷമായി പി.എസ്.സി. വഴിയുള്ള നിയമനങ്ങൾ നടന്നിട്ടുമില്ല. അങ്ങനെ വരുന്ന സമയത്ത് നേരത്തേ സൂചിപ്പിച്ച 17 അദ്ധ്യാപകർ കൂടി വിരമിക്കുമ്പോൾ പല ഡിപ്പാർട്ടുമെന്റുകളിലും സീനിയർ അദ്ധ്യാപകർ ഇല്ലാതായിത്തീരും. ചില

ഡിപ്പാർട്ടുമെന്റുകളിൽ അദ്ധ്യാപകരേ ഇല്ലാതായിത്തീരുന്ന അവസ്ഥയുമുണ്ടാകും. ആകെയുള്ള 90 അദ്ധ്യാപക തസ്തികകളിൽ 49 എണ്ണത്തിൽ സ്ഥിരം അദ്ധ്യാപകർ ഇല്ലാതായിത്തീരുന്ന സാഹചര്യം വരാൻപോകുകയാണ്. ഇങ്ങനെ വരുമ്പോൾ അദ്ധ്യാപകരുടെ എണ്ണത്തിൽ വരുന്ന കുറവ് കോളേജുകളുടെ സുഗമമായ പ്രവർത്തനത്തെ തടസ്സപ്പെടുത്തുമെന്ന് മാത്രമല്ല, സെൻട്രൽ കൗൺസിൽ ഫോർ ഹോമിയോപ്പതിയുടെയും ആരോഗ്യ സർവ്വകലാശാലയുടെയും അംഗീകാരം നിലവിൽ കോളേജുകൾക്കുള്ളത് ഇല്ലാതാക്കുന്നതിന് ഇടയാകും. സമയത്തിന്റെ നിബന്ധനകൾ കൊണ്ട് ഞാനതിന്റെ വിശദാംശങ്ങൾ പറയുന്നില്ല. ഇഷ്യൂ ഗൗരവമുള്ളതാണ്, വളരെപെട്ടെന്ന് ഇതിന് പരിഹാരം ഉണ്ടായില്ലെങ്കിൽ പ്രവർത്തനം സ്തംഭനാവസ്ഥയിലേയ്ക്ക് പോകും. അതിൽ രണ്ടുകാര്യങ്ങളുള്ളതിൽ ഒന്ന് സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്ത് റിക്രൂട്ട്മെന്റ് നടത്തുക എന്നതാണ്, അതിന് ഇനിയും സമയമെടുക്കും. പക്ഷെ അതിനിടയിൽ താത്ക്കാലികമായി നിലവിലുള്ള ആളുകൾ തന്നെ തുടരുന്നതിനുള്ള പ്രത്യേക സാഹചര്യം ഉണ്ടാക്കുകയോ മറ്റോ ചെയ്യുക എന്ന രൂപത്തിൽ എന്തെങ്കിലും ആലോചിക്കേണ്ടി വരും. ഈ സിറ്റ്യുവേഷൻ ഗവൺമെന്റ് വളരെ ഗൗരവപൂർവ്വം കണ്ട് പരിഹാരം ഉണ്ടാക്കണമെന്ന അഭ്യർത്ഥനയാണുള്ളത്.

ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഹോമിയോപ്പതി വകുപ്പിൽ നേരത്തേ സി.സി.എച്ച്. റെഗുലേഷൻ പ്രകാരം ട്യൂട്ടർ, ലക്ചറർ, റീഡർ, പ്രൊഫസർ എന്നീ തസ്തികകളാണുണ്ടായിരുന്നത്. എന്നാൽ 2002-ൽ സി.സി.എച്ച്. റെഗുലേഷനിൽ ഭേദഗതി വന്നതിന്റെ ഭാഗമായി അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ എന്നിങ്ങനെ മൂന്ന് കേഡർ സ്റ്റാഫ് പാറ്റേൺ വന്നു. അതിന്റെ ഭാഗമായി ട്യൂട്ടർ തസ്തിക ഇല്ലാതായിരിക്കുകയാണ്. ഇതിനനുസരിച്ചുള്ള റൂൾസ് ഫ്രെയിം ചെയ്യുന്ന കാര്യം നടന്നുവരികയാണ്. ഇതിൽ 2012-ൽ തന്നെ എൻട്രി കേഡറായ അസിസ്റ്റന്റ് പ്രൊഫസറുടെ അടിസ്ഥാന യോഗ്യത പോസ്റ്റ് ഗ്രാഡ്വേഷനാക്കി നിശ്ചയിച്ചുകൊണ്ട്, മൂന്ന് കേഡറായി സ്റ്റാഫ് പാറ്റേൺ ക്രമീകരിക്കുന്നതിന് സ്പെഷ്യൽ റൂൾസ് കാലോചിതമായി ഭേദഗതി ചെയ്യാൻ തീരുമാനിക്കുകയും അതിന്റെ കരട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള കാര്യങ്ങളിൽ ആയുഷ് വകുപ്പിന്റെയും ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെയും പ്രതിനിധികൾ ഉൾപ്പെട്ടുകൊണ്ട് അവരുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് മാറ്റം വരുത്തിയിട്ടുള്ളത്. കരട് സ്പെഷ്യൽ റൂൾസ് സൂക്ഷ്മപരിശോധനയ്ക്കായി നിയമ വകുപ്പിന് നൽകുകയും അത് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ

ഉപദേശത്തിനായി വിടുകയും ചെയ്തിട്ടുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം ലഭിച്ചുകഴിഞ്ഞാലുടൻ തന്നെ ഈ സ്പെഷ്യൽ റൂൾസ് കേരള നിയമസഭയുടെ സബ്ജക്ട് കമ്മിറ്റിയിൽ വച്ച് അംഗീകാരം ലഭ്യമാക്കുന്നതോടെ ഇത് സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഭേദഗതി റൂൾസിൽ വരുന്ന ഇത്രയും പ്രൊസീഡ്യൂർ നടക്കുന്നതിനിടയിലുള്ള സമയത്ത് ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ എൻട്രി കാഡറിലെ കുറവ് ദിവസവേതന അടിസ്ഥാനത്തിലോ കരാർ അടിസ്ഥാനത്തിലോ നിയമിച്ചുകൊണ്ട് നികത്തി വരികയാണ്.

## പഠന സൗകര്യങ്ങൾ

<u>ശ്രീ. എം. സ്വരാജ്</u>: സർ, തൃപ്പൂണിത്തുറ ആയുർവ്വേദ കോളേജിലെ ബി.എ.എം.എസ്. വിദ്യാർത്ഥികളുടെ വളരെ അസാധാരണമായ സാഹചര്യം ശ്രദ്ധയിൽപ്പെടുത്തുന്നതിന് വേണ്ടിയാണ് ഈ സബ്മിഷൻ. സംസ്ഥാനത്തെ ആയുർവ്വേദ കോളേജുകളിലെ ബി.എ.എം.എസ്. വിദ്യാർത്ഥികളുടെ പഠനത്തിന് സഹായകരമാകുന്നതും, ആവശ്യമായതുമായ പോസ്റ്റ്മോർട്ടം, പ്രസവം, സിസേറിയൻ തുടങ്ങിയവ വീക്ഷിച്ച് പഠനം നടത്തുന്നതിനുള്ള അനുമതി കാലാകാലങ്ങളിൽ നൽകിയിരുന്നതാണ്. പക്ഷെ ഈയടുത്ത കാലത്തായി ചില അധികാരികൾ ഈ അനുമതി നൽകാതിരിക്കുന്നത് വിദ്യാർത്ഥികൾക്ക് ഒട്ടേറെ പ്രയാസങ്ങൾ

സൃഷ്ടിക്കുന്നതിന് കാരണമായിട്ടുണ്ട്. തൃപ്പൂണിത്തുറ സർക്കാർ ആയുർവ്വേദ കോളേജിലെ രണ്ടാം വർഷ വിദ്യാർത്ഥികൾ 2016 വരെ എറണാകുളം ജനറൽ ആശുപത്രിയിൽ പോസ്റ്റ്മോർട്ടം വീക്ഷിച്ച് പഠനം നടത്തിയിരുന്നു. എന്നാൽ 2017-ൽ ഇതിനായി അപേക്ഷ നൽകിയപ്പോൾ ആരോഗ്യവകുപ്പ് സെക്രട്ടറിയുടെ ഉത്തരവുണ്ടെങ്കിൽ മാത്രമേ ഇതിനായി അനുമതി നൽകുകയുള്ളൂ എന്ന മറുപടിയാണ് ലഭിച്ചത്. അതേസമയം കണ്ണൂർ, തിരുവനന്തപുരം ആയുർവ്വേദ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് പോസ്റ്റ്മോർട്ടം വീക്ഷിക്കാനുള്ള അവസരം നൽകുന്നുണ്ട്. ഒരേ സംസ്ഥാനത്ത് സങ്കൽപ്പിക്കാനാകാത്ത വിധത്തിലുള്ള വ്യത്യസ്തമായ സാഹചര്യം നിലനിൽക്കുന്നത് ഒട്ടും അഭികാമ്യമല്ല. തൃപ്പൂണിത്തുറ സർക്കാർ ആയുർവ്വേദ കോളേജിലെ മൂന്നാം വർഷ വിദ്യാർത്ഥികൾക്ക് 2017 വരെ ഇതിനുള്ള സൗകര്യം ലഭിച്ചിരുന്നതാണ്. എന്നാൽ ഈ വർഷം മുതൽ ഇതിനുള്ള അനുമതി ഹൗസ് സർജന്മാർക്ക് മാത്രമേ അനുവദിക്കാനാകുകയുള്ളൂ എന്നാണ് ഡി.എച്ച്.എസ്.-ൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടുള്ളത്. അതേസമയം തിരുവനന്തപുരം, കണ്ണൂർ, ഒല്ലൂർ ആയുർവ്വേദ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് ഇതേ കാര്യത്തിന് അനുമതി നൽകുന്നുണ്ട്. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നതെന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. എൻട്രൻസ് പരീക്ഷയിൽ മികച്ച റാങ്ക് വാങ്ങി

മെരിറ്റിൽ അഡ്മിഷൻ കിട്ടിയിട്ടുള്ളവരാണ് തൃപ്പൂണിത്തുറ ഗവൺമെന്റ് ആയുർവ്വേദ കോളേജിലെ ബി.എ.എം.എസ്. വിദ്യാർത്ഥികൾ. സംസ്ഥാനത്ത് തിരുവനന്തപുരത്തും കണ്ണൂരും ഒല്ലൂരുമെല്ലാം ലഭിക്കുന്ന സൗകര്യം ഇവിടെ ലഭ്യമല്ല. ഒന്നുകിൽ ബി.എ.എം.എസ്.-ന്റെ സിലബസിൽ നിന്നും പോസ്റ്റ്മോർട്ടവും സിസേയറിയനുമെല്ലാം ഒഴിവാക്കിക്കൊടുക്കുക, അല്ലെങ്കിൽ അവരുടെ പാഠ്യപദ്ധതിയുടെ ഭാഗമാണിതെങ്കിൽ അതിനുള്ള സൗകര്യം ഒരുക്കിക്കൊടുക്കുക, അതല്ലാതെ ഡി.എച്ച്.എസ്.-ന് സൗകര്യം പോലെ തിരുവനന്തപുരത്തൊരു നിയമവും തൃപ്പൂണിത്തുറ മറ്റൊരു നിയമവും നടപ്പുള്ള കാര്യമല്ല. ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെടണമെന്നും, തങ്ങളുടേതല്ലാത്ത കുറ്റം കൊണ്ട് തൃപ്പൂണിത്തുറയിൽ മെരിറ്റിൽ പ്രവേശനം നേടിയിട്ടുള്ള കുട്ടികൾ അനുഭവിക്കുന്ന ഈ ദുരവസ്ഥയ്ക്ക് ഒരു പരിഹാരമുണ്ടാക്കണമെന്നുമാണ് ഈ സബ്മിഷനിലൂടെ എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, സംസ്ഥാനത്തെ ബി.എ.എം.എസ്. വിദ്യാർത്ഥികൾക്ക് മുൻകാലങ്ങളിൽ സർജറി, പോസ്റ്റുമോർട്ടം എന്നിവയിൽ അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാർ നിരീക്ഷണാനുമതി അനുവദിച്ചിരുന്നു. എന്നാൽ അപ്രകാരം

നിരീക്ഷണാനുമതി നൽകുന്നത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തെ ബാധിക്കുന്നു എന്നുപറഞ്ഞ് ചില സംഘടനകൾ പരാതികൾ കൊടുക്കുകയും കോടതിയിൽ കേസ് നിലനിൽക്കുകയും ചെയ്യുന്നുണ്ട്. ഈ വിഷയം സംബന്ധിച്ച് കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ പോസ്റ്റുമോർട്ടം, സർജറി എന്നിവയിൽ ബി.എ.എം.എസ്. വിദ്യാർത്ഥികൾക്കുനേരെ നിരീക്ഷണാനുമതി നിഷേധിച്ചു. എന്നാൽ ഇത് ജില്ലാതലത്തിൽ കൊടുക്കുന്ന അനുമതിയായതിനാൽ ചില ജില്ലകളിൽ കൊടുക്കുന്നു എന്നാണ് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിക്കുമ്പോൾ മനസ്സിലാക്കാൻ സാധിച്ചത്. ഇതേ തുടർന്ന് ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ആവശ്യപ്പെട്ടതനുസരിച്ച് ബി.എ.എം.എസ്. വിദ്യാർത്ഥികൾക്ക് പോസ്റ്റുമോർട്ടം, സർജറി എന്നിവയിൽ നിരീക്ഷണാനുമതി കൊടുക്കാൻ കഴിയുമോ എന്ന് പരിശോധിച്ചുവരുന്നുണ്ട്. ജില്ലകളിൽ വ്യത്യസ്ത രീതികൾ നിലനിൽക്കുന്നു എന്ന് മെമ്പർ ഇവിടെ സൂചിപ്പിച്ചപ്പോഴാണ് മനസ്സിലാകുന്നത്. അതെന്താണെന്ന് പ്രത്യേകിച്ച് പരിശോധിക്കാം. ഏതായാലും ഇത് പരിശോധിച്ച് വരികയാണ്. കോടതിയിൽ കേസ് നിൽക്കുന്നതുകൊണ്ടാണ് അനുമതി നിഷേധിച്ചിരുന്നത്.

## മാലിന്യ സംസ്കരണ കേന്ദ്രങ്ങൾ

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, മാലിന്യ വിപത്തിന്റെ ഭീഷണിയിൽ കഴിയുന്ന

നമ്മുടെ സംസ്ഥാനം നേരിടുന്ന പ്രധാന വെല്ലുവിളിയാണ് ആശുപത്രികളിൽ നിന്നും ക്ലിനിക്കൽ പരീക്ഷണ ശാലകളിൽനിന്നും പുറന്തള്ളുന്ന ജൈവ-ജൈവേതര മാലിന്യങ്ങൾ. കേരളത്തിൽ പന്ത്രണ്ടായിരത്തോളം ചെറുതും വലുതുമായ ആശുപത്രികളും നൂറു കണക്കിന് ലാബുകളുമുണ്ട്. ആശുപത്രി മാലിന്യത്തിന്റെ അളവ് വർദ്ധിച്ചു വരുന്നു എന്നാണ് കണക്കാക്കിയിട്ടുള്ളത്. 30-3-2018-ലെ മാതൃഭൂമി പത്രത്തിൽ ഇതിനെ സംബന്ധിച്ച് ഒരു മുഖപ്രസംഗമുണ്ടായിരുന്നു. അതിൽ ക്വാട്ട് ചെയ്തിരിക്കുന്നത് അസോസിയേറ്റ് ചേമ്പർ ഓഫ് കോമേഴ്സിന്റെ ഒരു റിപ്പോർട്ടാണ്. 'കേരളത്തിൽ 200 ടണ്ണോളം ആശുപത്രി മാലിന്യം വരും എന്നുള്ളതാണ്'. നമ്മുടെ നാട്ടിൽ രോഗവും ചികിത്സയും ഒഴിവാക്കാൻ ആകാത്തതിനാൽ ഇത്തരം ജൈവ-ജൈവേതര മാലിന്യങ്ങൾ പൂർണ്ണമായും ഒഴിവാക്കാൻ സാധിക്കില്ല. വരും വർഷങ്ങളിൽ മാലിന്യത്തിന്റെ അളവ് ഭീമമായി വർദ്ധിക്കാനാണ് സാധ്യത. അതുകൊണ്ട് സംസ്കരണത്തിന് അടിയന്തരമായ സംവിധാനം നൽകിയില്ലെങ്കിൽ ഗുരുതരമായ പ്രത്യാഘാതങ്ങളുണ്ടാകും. കേരളത്തിൽ ഇത്രയും മാലിന്യങ്ങൾ സംസ്കരിക്കാൻ ഐ.എം.എ.-യുടെ നേതൃത്വത്തിൽ പാലക്കാട് മലമ്പുഴയിൽ ഇമേജ് എന്നുപറയുന്ന സ്ഥാപനം മാത്രമാണുള്ളത്. ഇതിൽതന്നെ നിലവിലുള്ള ചട്ടപ്രകാരം നിശ്ചിത കിലോമീറ്ററിനുള്ളിൽ ആശുപത്രി മാലിന്യം കൊണ്ടുപോകരുതെന്നാണ്

ചട്ടം. പക്ഷെ, കേരളത്തിലാകെ നിലവിൽ ഒരു സംവിധാനം മാത്രമാണുള്ളത്. അതുകൊണ്ട് ഈ ഗുരുതരമായ ഭവിഷത്ത് കണക്കിലെടുത്ത് ജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാത്ത വിധത്തിൽ കൂടുതൽ മാലിന്യ സംസ്കരണ കേന്ദ്രങ്ങൾ ആരംഭിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ.കെ. ശൈലജ ടീച്ചർ): സർ, വളരെ പ്രധാനപ്പെട്ട വിഷയമാണ് ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചത്. ഇപ്പോൾ ആശുപത്രി മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഐ.എം.എ. നടത്തുന്ന ഇമേജ് എന്ന സ്ഥാപനമാണ് ആശ്രയമായിട്ടുള്ളത്. പാലക്കാട് ജില്ലയിലാണ് ഇമേജ് സ്ഥാപിച്ചിരിക്കുന്നത്. ഇതോടൊപ്പം ഐ.എം.എ. തന്നെ ഇടപെട്ടുകൊണ്ട് മറ്റ് ജില്ലകളിൽക്കൂടി  സ്ഥാപിക്കാൻ വേണ്ടി ഒരു ശ്രമം അവരുടെ ഭാഗത്തു നിന്നുണ്ടായി എന്നുള്ളത് സ്വാഗതാർഹമാണ്. തിരുവനന്തപുരം ജില്ലയിലെ പാലോട് ഐ.എം.എ.-യുടെ ആഭിമുഖ്യത്തിൽ ഇമേജിന്റെ മറ്റൊരു മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് തുടങ്ങാൻ പരിശ്രമിക്കുകയും അതിനാവശ്യമായ  അനുവാദം ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് ലഭ്യമാകുകയും ചെയ്തതാണ്. പക്ഷെ, അവിടെയുള്ള തദ്ദേശവാസികളുടെ എതിർപ്പ് കാരണം അവിടെ ഇത് തുടങ്ങാൻ സാധിച്ചില്ല എന്നുള്ളതാണ് കാണുന്നത്. ഇത്തരത്തിലുള്ള കൂടുതൽ കേന്ദ്രങ്ങൾ

ആരംഭിക്കാനായി ഐ.എം.എ. കാണിക്കുന്ന പരിശ്രമത്തിന് നന്ദി പറയുകയാണ്. മറ്റുള്ള സ്ഥലങ്ങളിൽ പ്രത്യേകിച്ച് പലതരത്തിലുള്ള മാലിന്യ സംസ്കരണരീതിയാണ് സ്വീകരിച്ചുവരുന്നത്. ആശുപത്രി ജൈവ മാലിന്യങ്ങൾ സംസ്കരിക്കാൻ പുതിയ പ്ലാന്റുകൾ നിർബന്ധമായും സ്ഥാപിക്കേണ്ടതായിട്ടുണ്ട്. ഖരമാലിന്യ സംസ്കരണത്തിന് വ്യത്യസ്ത തരത്തിലുള്ള നടപടികൾ സംസ്ഥാനത്തുടനീളം സ്വീകരിക്കുന്നുണ്ട്. ഈ വിവരം മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. ഞാൻ വ്യത്യസ്തമായി പറയുന്നതല്ല. 2018-2019 വാർഷിക പദ്ധതിയിൽ അഞ്ച് കോടി രൂപ ഇതിനുവേണ്ടി വകയിരുത്തിയിട്ടുണ്ട്. അതെല്ലാം ഉപയോഗപ്പെടുത്തികൊണ്ട് ആർദ്രം പദ്ധതിയുടെ കൂടി ഭാഗമായി കൂടുതൽ ആശുപത്രിയിൽ മാലിന്യസംസ്കരണത്തിനുള്ള ഇൻസുലേറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

## സി.എച്ച്.സി. ആയി ഉയർത്തൽ

<u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u>: സർ, കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള പള്ളിക്കൽ പ്രാഥമിക ആരോഗ്യ കേന്ദ്രത്തെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കി ഉയർത്തുന്നതിനുള്ള നടപടികൾ വേഗത്തിലാക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. മലപ്പുറം ജില്ലയിൽ പേരിനുപോലും കമ്മ്യൂണിറ്റി സെന്ററില്ലാത്ത ഏക ബ്ലോക്ക് പഞ്ചായത്താണ് കൊണ്ടോട്ടി ബ്ലോക്ക്

പഞ്ചായത്ത്. ജനസംഖ്യയിൽ ഏറെ മുന്നിട്ട് നിൽക്കുന്ന കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുണ്ടായിരുന്ന കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രിയാക്കി ഉയർത്തിയതോടെ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ഇല്ലാത്ത അവസ്ഥയാണ് നിലവിലുള്ളത്. പ്രസ്തുത ബ്ലോക്ക് പഞ്ചായത്തിൻ കീഴിലുള്ള പള്ളിക്കൽ പ്രാഥമിക ആരോഗ്യ കേന്ദ്രത്തെ കമ്മ്യൂണിറ്റി സെന്ററാക്കി ഉയർത്തണമെന്ന് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി തീരുമാനിക്കുകയും പ്രസ്തുത തീരുമാനം ബന്ധപ്പെട്ടവർക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാ മെഡിക്കൽ ഓഫീസർ വിശദമായ റിപ്പോർട്ട് സഹിതം ആരോഗ്യ ഡയറക്ടർക്ക് സമർപ്പിക്കുകയും ഞാൻ ഈ വിഷയം നേരത്തെ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള പള്ളിക്കൽ പ്രാഥമിക ആരോഗ്യ കേന്ദ്രത്തെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കി ഉയർത്തുന്നതിനുള്ള നടപടികൾ വേഗത്തിലാക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>): സർ, കൊണ്ടോട്ടി ആശുപത്രി ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ 24x7 പി.എച്ച്.സി. ആയി പ്രവർത്തിച്ചുവന്ന ആശുപത്രിയായിരുന്നു. ദിനംപ്രതി

250-ന് മുകളിൽ രോഗികൾ ഇവിടെ ചികിത്സയ്ക്ക് വരുന്നുണ്ട്. ഈ ആശുപത്രികളെ അപ്ഗ്രേഡ് ചെയ്യുന്നതിന് സ്റ്റാൻഡൈഡെസേഷൻ കൊണ്ടുവന്നിട്ടുണ്ട്. എന്നാൽ ഈ വികസന ബ്ലോക്കിൽ വേറെ സി.എച്ച്.സി.-കൾ ഇല്ല എന്ന കാരണത്താൽ കൊണ്ടോട്ടിയിലെ ഈ പി.എച്ച്.സി.-യെ സി.എച്ച്.സി. ആയി അപ്ഗ്രേഡ് ചെയ്യാൻ അർഹതയുള്ളതാണ്. എന്നാൽ ആർദ്രം മിഷന്റെ ആദ്യഘട്ടത്തിൽ പ്രൈമറി ഹെൽത്ത് സെന്ററുകളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്ന നടപടിക്രമങ്ങളാണ് സ്വീകരിച്ചുവരുന്നത്. അടുത്ത ഘട്ടത്തിൽ വികസന ബ്ലോക്കിൽ സി.എച്ച്.സി.-കളില്ലാത്ത ഇടങ്ങളിൽ ഒരു സി.എച്ച്.സി. ഉണ്ടാകണമെന്ന നിബന്ധന പിൻതുടരുന്ന സമയത്ത് ഈ ആശുപത്രിയെ പരിഗണിക്കുന്നതാണ്.

**കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രി വികസനം**

<u>ശ്രീ. ബി. ഡി. ദേവസ്സി</u>: സർ, ചാലക്കുടി മണ്ഡലത്തിൽ ഉൾപ്പെട്ട കൊരട്ടിയിലെ ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രി 110 ഏക്കറോളം വരുന്ന സ്ഥലത്ത് പഴകി ജീർണ്ണിച്ച് ചിതറിക്കിടക്കുന്ന വിവിധങ്ങളായ കെട്ടിടങ്ങളിലായി പ്രവർത്തിച്ചുവരികയാണ്. ആദ്യകാലത്ത് ആയിരത്തിലധികം അന്തേവാസികളുണ്ടായിരുന്ന ഇവിടെ ഇപ്പോൾ 125-ഓളം അന്തേവാസികളാണുള്ളത്. അന്തേവാസികളെ ശുശ്രൂഷിക്കുന്നതിനായി രോഗം

മാറിയവരിൽനിന്നും നിയമിച്ച അറ്റന്റർമാർ പലരും റിട്ടയർ ചെയ്യുകയും ഇതിനായി ഇപ്പോൾ ആവശ്യത്തിന് അറ്റന്റർമാർ ഇല്ലാത്ത അവസ്ഥയുമാണുള്ളത്. കൂടുതൽ അറ്റന്റർമാരെ സ്പെഷ്യൽ റിക്രൂട്ടുമെന്റ് വഴി നിയമിക്കേണ്ടതുണ്ട്. ഇപ്പോഴുള്ള അന്തേവാസികളിൽ ഭൂരിഭാഗവും 70 വയസ്സിന് മുകളിലുള്ള വൃദ്ധരാണ്. സംസ്ഥാനത്തിന്റെ മധ്യഭാഗത്തായി എറണാകുളം, തൃശ്ശൂർ ജില്ലകളിലെ അതിർത്തിയിൽ കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ടിന് 10 കി. മീറ്റർ മാത്രം ദൂരത്തായി ദേശീയപാത 47-നോട് ചേർന്ന് സ്ഥിതിചെയ്യുന്ന ഈ ആതുരാലയത്തിന്റെ എല്ലാ വിഭാഗങ്ങളും ഒരു കെട്ടിട സമുച്ചയത്തിന്റെ കീഴിലാക്കി ബാക്കിവരുന്ന 100 ഏക്കറോളം വരുന്ന സ്ഥലത്ത് ആരോഗ്യമേഖലയിലെ അനുയോജ്യമായ ഒരു പ്രോജക്ട് നടപ്പാക്കുന്നതിനായി കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് മെഡിസിറ്റി സ്ഥാപിക്കുന്നതിന് ഇൻകൽ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. വികസന പ്രവർത്തനങ്ങൾക്ക് ഏറെ അനുയോജ്യമായ കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയുടെ വികസനത്തിനാവശ്യമായിട്ടുള്ള സ്ഥലം കഴിച്ച് ബാക്കിയുള്ള സ്ഥലത്ത് ആരോഗ്യമേഖലയിലെ അനുയോജ്യമായ ഒരു പ്രോജക്ട് നടപ്പാക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ

ആവശ്യപ്പെടുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, കൊരട്ടി ഗാന്ധിഗ്രാം 110-ഓളം ഏക്കറിലാണ് സ്ഥിതിചെയ്യുന്നത്. 660 കിടക്കകളോടുകൂടിയ ആശുപത്രി അവിടെയുണ്ട്. ഇപ്പോൾ വരുന്നത് 200 ഒ.പി.-യും 165 ഐ.പി.-യുമാണ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ രോഗം മാറിയവരിൽ നിന്ന് പേഷ്യന്റ് എംപ്ലോയീസിനെ നിശ്ചയിച്ചിരുന്നു. 12 രോഗികൾക്ക് ഒരു അറ്റന്റർ എന്നുള്ള നിലയിൽ 46 ഗ്രേഡ്-II അറ്റന്റർമാർ തുടക്കത്തിൽ ഉണ്ടായിരുന്നു. ഇപ്പോൾ 13 ഗ്രേഡ്-2 അറ്റന്റർമാർ മാത്രമാണുള്ളത്. മെമ്പർ പറഞ്ഞതുപോലെ അവിടെ ആവശ്യത്തിന് അറ്റന്റർമാരെ നിശ്ചയിക്കുന്നതിന് ആവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കാൻ ആവശ്യപ്പെടുന്നതാണ്. പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്. ആശുപത്രിയുടെ വികസനത്തിന്റെ കാര്യങ്ങളിൽ പ്രത്യേകിച്ച് ഒരു ധാരണയായിട്ടുണ്ട്. 43 കോടി രൂപയുടെ ഒരു എസ്റ്റിമേറ്റ് ഇവിടെ ചിതറിക്കിടക്കുന്ന കെട്ടിടങ്ങളെല്ലാം കൂടി ചേർത്ത് ഒരു സമുച്ചയമാക്കി മാറ്റുന്നതിനുവേണ്ടി സമർപ്പിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്പോൾ ആരോഗ്യവകുപ്പിന്റെ ഹ്യൂമൺ റിസോഴ്സസ് ഡെവലപ്മെന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് അവിടെ തുടങ്ങുന്നതിനും ആവശ്യമായിട്ടുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ഇത് സംബന്ധിച്ച് ഡീറ്റെയിൽഡായിട്ടുള്ള കാര്യങ്ങൾ തയ്യാറാക്കാൻവേണ്ടി ഇൻകലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് പഠനറിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് ബാക്കി കാര്യങ്ങൾ ആലോചിക്കുന്നതാണ്.

## സ്റ്റാഫ് പാറ്റേൺ

ശ്രീ. കെ. ദാസൻ: സർ, കൊയിലാണ്ടി മണ്ഡലത്തിൽ ആകെയുള്ള രണ്ട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ഒന്നാണ് മേലടി സി.എച്ച്.സി. 2009-ൽ സി.എച്ച്.സി. ആയി ഉയർത്തിയ ഈ സ്ഥാപനം കോഴിക്കോട് -കണ്ണൂർ എൻ.എച്ച്.-17-ന് അടുത്താണ് സ്ഥിതി ചെയ്യുന്നത്. പുതിയതായി രൂപീകരിച്ച പയ്യോളി നഗരസഭയിലെ ഏക സി.എച്ച്.സി. ആണ് ഇത്. ഇത് സി.എച്ച്.സി. ആയിട്ട് എട്ടുവർഷമായിട്ടുണ്ട്. ഇപ്പോഴും ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ സ്റ്റാഫ് പാറ്റേണാണ് ഇവിടെയുള്ളത്. ദിവസേന 100 കണക്കിന് രോഗികളാണ് ഇവിടെ പരിശോധനയ്ക്ക് എത്തുന്നത്. നിലവിൽ ആശുപത്രിയിൽ എത്തുന്ന രോഗികൾക്ക് രാവിലെയുള്ള ഒ.പി. പരിശോധനയ്ക്കുശേഷം ഡോക്ടർമാരുടെ സേവനം ലഭ്യമാകാത്ത സാഹചര്യമാണുള്ളത്. ഡോക്ടർമാരുടെ സേവനം ഉച്ചയ്ക്കുശേഷം ലഭ്യമാകാത്തതിനെ തുടർന്ന് നാട്ടുകാരുടെയും വിവിധ രാഷ്ട്രീയ സംഘടനകളുടെയും നേതൃത്വത്തിൽ നിരവധി പ്രക്ഷോഭങ്ങൾ നടന്നു കഴിഞ്ഞു. കൂടാതെ ആശുപത്രി കോമ്പൗണ്ട്

ഭാഗികമായി തകർന്നത് കാരണം ആശുപത്രിക്ക് സുരക്ഷയുമില്ല. ആശുപത്രിക്ക് ചുറ്റുമതിൽ നിർബന്ധമായും നിർമ്മിക്കേണ്ടതുണ്ട്. വൈദ്യുതി നിലയ്ക്കുമ്പോൾ പ്രവർത്തനം താളംതെറ്റുന്ന അവസ്ഥ ഒഴിവാക്കാൻ ഒരു ജനറേറ്റർ സ്ഥാപിക്കണം. ആശുപത്രിയിലെ ഖരമാലിന്യ സംസ്കരണത്തിന് ഒരു ഖരമാലിന്യ പ്ലാന്റ് സ്ഥാപിക്കേണ്ടതുണ്ട്. ഇത് സ്ഥിതിചെയ്യുന്ന ഒരു ഏക്കർ സ്ഥലത്ത് ആറോളം ചെറുകെട്ടിടങ്ങൾ ഇതിലുണ്ട്. ഇത് കാരണം സ്ഥലപരിമിതിയുമുണ്ട്. പഴക്കം ചെന്ന കെട്ടിടങ്ങൾക്ക് പകരം പുതിയ ഒറ്റകെട്ടിടം പണിതുകൊണ്ട് ഭൗതിക സാഹചര്യം കൂടുതൽ ഉപയോക്കപ്പെടുത്താനാകും. ഇങ്ങനെ സർവ്വതോന്മുഖമായ ഒരു വികസനം സാധാരണക്കാരായ ആളുകൾ ആശ്രയിക്കുന്ന ഈ ആശുപത്രിക്ക് ലഭ്യമാകണം. പി.എച്ച്.സി. സ്റ്റാഫ് പാറ്റേണനുസരിച്ച് ഡോക്ടർമാരടക്കമുള്ള ജീവനക്കാരെ വിന്യസിപ്പിച്ചുകൊണ്ട് ഈ ആരോഗ്യ കേന്ദ്രത്തിന്റെ വികസനം ആർദ്രം മിഷന്റെ ഭാഗമായി കൂടുതൽ ജനോപകാരപ്രദമാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, കേരളത്തിലെ ആരോഗ്യമേഖലയിൽ നിലനിൽക്കുന്ന വലിയ പ്രശ്നങ്ങളിൽ ഒന്നാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചത്. കേരളത്തിലെ

മഹാഭൂരിപക്ഷം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും ആവശ്യമായിട്ടുള്ള സ്റ്റാഫ് പാറ്റേണിന്റെ പകുതിപോലും ഇല്ലെന്നുള്ളതാണ് വസ്തുത. ഇവിടെയും അതുതന്നെയാണ് സ്ഥിതി. പല സി.എച്ച്.സി.-കളിലും രണ്ട് ഡോക്ടർമാരാണുള്ളത്. എന്നാൽ ഇവിടെ ഒരു പീഡിയാട്രീഷനുൾപ്പെടെ 4 ഡോക്ടർമാരുണ്ട്. എങ്കിലും സി.എച്ച്.സി.-യുടെ പാറ്റേണനുസരിച്ചുള്ള സ്റ്റാഫ് സ്ട്രെങ്ത് ഉണ്ടാകേണ്ടതുണ്ട്. അതിന് പതിനായിരക്കണക്കിന് പോസ്റ്റുകൾ ക്രിയേറ്റ് ചെയ്ത് കിട്ടേണ്ടതുണ്ട്. ഈ ആശുപത്രിയെ പൂർണ്ണമായ രീതിയിലുള്ള സി.എച്ച്.സി. ആയി മാറ്റുന്നതിനാവശ്യമായ സ്റ്റാഫ് ക്രിയേഷനുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് സമർപ്പിക്കുന്നതാണ്. അത് ലഭ്യമാകുന്ന മുറയ്ക്ക് അവിടെ സി.എച്ച്.സി. എന്ന നിലയിൽ പൂർണ്ണ തോതിൽ നടപ്പാക്കാൻ കഴിയും. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച മറ്റ് കാര്യങ്ങൾ, ജനറേറ്ററിന്റെ കാര്യമുൾപ്പെടെ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**ബദൽ റോഡുകൾ**

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: സർ, ചുരം റോഡിന് ബദൽ റോഡുകളായിട്ടുള്ള ചിപ്പിലിത്തോട്-തളിപ്പുഴ, പടിഞ്ഞാറത്തറ-പൂഴിത്തോട്, ചുരൽമല-നിലമ്പൂർ, കുഞ്ഞോം-വിലങ്ങാട്, ആനക്കാംപൊയിൽ-കള്ളാടി തുടങ്ങിയ റോഡുകളുടെ

നിർമ്മാണവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, സമയക്കുറവുമൂലം പൂർണ്ണമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.+ ഒന്നുരണ്ട് കാര്യങ്ങൾ മാത്രമേ പറയുന്നുള്ളൂ. മേപ്പാടി-നിലമ്പൂർ റോഡ്, തളിപ്പുഴ-ചിപ്പിലിത്തോട് റോഡ്, ആനക്കാംപൊയിൽ-ചൂരൽമല റോഡ്, പടിഞ്ഞാറത്തറ-പൂഴിത്തോട് റോഡ്, കുഞ്ഞോം-വിലങ്ങാട് റോഡ് എന്നിങ്ങനെ അഞ്ച് റോഡുകൾ ചുരം റോഡിന് ബദലമായി ഏകദേശം 700 കോടി രൂപ അടങ്കലിലാണ് വരുന്നത്. ഇതിൽ ആനക്കാംപൊയിൽ-ചൂരൽമല റോഡ് തുരങ്കപ്പാതയാക്കാൻ തീരുമാനമെടുക്കുകയും 20 കോടി രൂപ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. പടിഞ്ഞാറത്തറ-പൂഴിത്തോട് റോഡ് വനംവകുപ്പിന് സ്വീകാര്യമല്ലാത്തതിനാൽ അത് നിരസിച്ചിരിക്കുകയാണ്. ബാക്കിയുള്ള മൂന്ന് റോഡുകൾക്ക് വനം വകുപ്പിൽ നിന്ന് അനുമതി ലഭിക്കാത്തതുകൊണ്ടാണ് മുന്നോട്ടുപോകാത്തത്. വനം വകുപ്പിന്റെ അനുമതിക്കുവേണ്ടി ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നു.

## ദേശീയപാത നിർമ്മാണം

ശ്രീ. കെ. രാജൻ: സർ, മണ്ണുത്തി-വടക്കാഞ്ചേരി ദേശീയ പാത നിർമ്മാണവുമായി ബന്ധപ്പെട്ട് നിരവധി അശാസ്ത്രീയമായ സമീപനങ്ങൾ വലിയ

+ അനുബന്ധമായി ചേർക്കുന്നു.

പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങേയ്ക്ക് അറിയാമെന്ന് ഞാൻ കരുതുന്നു, ചെറിയ മഴ പെയ്യുമ്പോൾത്തന്നെ വലിയ വെള്ളക്കെട്ടാണ് ഇപ്പോഴുണ്ടാകുന്നത്. രണ്ട് മലകളുടെ മധ്യത്തിലൂടെ പോകുന്ന റോഡെന്ന നിലയിൽ രണ്ട് മലകളിൽനിന്നും ഒഴുകിവരുന്ന വെള്ളം, നാച്വറൽ കനാലുകൾ പൂർണ്ണമായി കരാർ കമ്പനി അടച്ചതോടുകൂടി, ഒഴുകിപ്പോകാതെ റോഡിൽത്തന്നെ കെട്ടിക്കിടക്കുന്ന സ്ഥിതിയാണുള്ളത്. ഡ്രെയിനേജ് സംവിധാനം ഫലപ്രദമല്ലാത്തതുകൊണ്ട് പലപ്പോഴും ഏക്കർ കണക്കിന് കൃഷി നഷ്ടപ്പെടുന്ന സ്ഥിതിയാണുള്ളത്. ഏറ്റെടുത്ത കരാർ കമ്പനി ഏകദേശം പതിനാറോളം സബ് കമ്പനികളെ ഏൽപ്പിച്ചതിന്റെ ഭാഗമായി പലയിടങ്ങളിൽനിന്നും പണി ആരംഭിക്കുകയും തികച്ചും അശാസ്ത്രീയമായ വിധത്തിൽ അത് മുന്നോട്ടുപോകുകയും ചെയ്യുകയാണ്. ഈ പ്രശ്നം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി തന്നെ നേരിട്ട് രണ്ട് യോഗങ്ങൾ വിളിക്കുകയും കേരളത്തിലെതന്നെ ആദ്യത്തെ തുരങ്കപാത എന്ന നിലയിൽ ഓരോ കിലോമീറ്റർ വീതം രണ്ട് വഴികളിലായി നിർമ്മിക്കുന്ന കുതിരാൻ തുരങ്കം അങ്ങ് നേരിട്ട് സന്ദർശിക്കുകയും ജനുവരിയിൽ അത് പൂർത്തീകരിക്കാം എന്ന തരത്തിൽ ഉറപ്പുണ്ടാക്കുകയും ചെയ്തു. ഇക്കാര്യത്തിലൊക്കെ അങ്ങ് നടത്തിക്കൊണ്ടിരിക്കുന്ന സമീപനങ്ങളെ അംഗീകരിക്കുന്നു. ദേശീയ

പാതയിലെ ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി നല്ല രീതിയിൽ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. അക്കാര്യത്തിൽ എം.പി. മാരുൾപ്പെടെ ഇടപെട്ടുകൊണ്ട് നടത്തിയ ചർച്ചകൾക്കിടയിൽ ചെയ്ഞ്ച് ഓഫ് സ്കോപ്പിൽ ഉൾപ്പെടുത്താമെന്നുപറഞ്ഞ V.U.P. (Vehicle Under Pass) ആയി നിർമ്മിക്കേണ്ട അടിപ്പാതകൾ പലതും ഇപ്പോഴും ഒരു ചർച്ചയ്ക്കും ഇടം തരാത്ത വിധത്തിൽ മുന്നോട്ടുപോകുകയാണ്. കരാർ കമ്പനി പണി അതിവേഗം പൂർത്തീകരിക്കാൻ ശ്രമിക്കുന്നതിനുപകരം എങ്ങനെയും 80 ശതമാനം പൂർത്തീകരിച്ചുകൊണ്ട് എങ്ങനെ ടോൾ പിരിക്കാം എന്ന ശ്രമമാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. എന്റെ ചോദ്യം, ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇപ്പോൾ ഉയർന്നുകൊണ്ടിരിക്കുന്ന നിരവധി അശാസ്ത്രീയമായ പ്രശ്നങ്ങൾ, ബഹുമാനപ്പെട്ട ബി.ഡി. ദേവസ്സിയുടെയും പ്രൊഫ. സി. രവീന്ദ്രനാഥിന്റെയുമൊക്കെ മണ്ഡലങ്ങളിൽ അത് നേരത്തെ വലിയ ചർച്ച ആയതാണ്. പുതിയതായി രൂപീകരിക്കപ്പെടുന്ന ഈ ഹൈവേയിൽ 6 വരി റോഡ് എന്നുള്ളതുകൊണ്ട് അവിടെയുള്ള അശാസ്ത്രീയമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി നിലനിൽക്കുന്ന ഏജൻസികളല്ലാതെ ശാസ്ത്രീയമായി ഇത് കരാറനുസരിച്ച് നടപ്പിലാക്കുന്നതാണോയെന്ന് പരിശോധിക്കാൻ വേണ്ടി ഒരു ഏജൻസിയെ നിയമിക്കാൻ കഴിയുമോ; ഇക്കാര്യത്തിൽ അങ്ങയുടെ പ്രത്യേക

ശ്രദ്ധയോടെയുള്ള സഹായമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഇത് എൻ.എച്ച്.എ.ഐ.-യുടെ നിയന്ത്രണത്തിലുള്ളതാണ്. ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന് ഏജൻസിയെ നിയമിക്കാൻ കഴിയില്ല. കരാർ പ്രകാരം തുരങ്കം പൂർത്തീകരിക്കേണ്ട സമയം കഴിഞ്ഞു. ഞാൻ അവിടം സന്ദർശിച്ചിരുന്നു. ജനുവരിയിൽ പൂർത്തീകരിക്കുമെന്ന് പറഞ്ഞെങ്കിലും പൂർത്തീകരിച്ചിട്ടില്ല. ഹൈവേയുടെ കാര്യത്തിൽ കുറച്ച് വ്യത്യാസമുണ്ടായിട്ടുണ്ട്. ഇപ്പോൾ എല്ലാവരുംകൂടി ഇടപെട്ട് എല്ലാ പരാതികളും പരിഹരിച്ച് നിർമ്മാണം നടത്തുന്ന തരത്തിലാണ് മുന്നോട്ട് പോയിട്ടുള്ളത്. വീണ്ടും പരാതികളുണ്ടെങ്കിൽ അത് പരിശോധിച്ച് വളരെ വേഗം തന്നെ തുരങ്കവും ദേശീപാതയും കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

**നിലമ്പൂർ-നഞ്ചൻകോട് റെയിൽപാത**

ശ്രീ. എം. ഉമ്മർ: സർ, നിലമ്പൂർ-നഞ്ചൻകോട് റെയിൽ പാത യാഥാർത്ഥ്യമാക്കണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട പല അംഗങ്ങളും സബ്മിഷൻ ഉന്നയിച്ചിട്ടുണ്ട്. പത്രങ്ങളും ഇലക്ട്രോണിക്സ് മീഡിയകളും ഇതുസംബന്ധിച്ച് സർവ്വേ നടത്തുകയും ജനങ്ങൾക്കിടയിൽ ചർച്ചകൾ നടത്തി ഇപ്പോൾ ജനകീയ

പ്രക്ഷോഭത്തിലേയ്ക്ക് കാര്യങ്ങൾ നീങ്ങുകയുമാണ്. നാടിന് പ്രയോജനം ചെയ്യുന്ന പദ്ധതികൾക്കൊപ്പമാണ് സർക്കാർ നിലകൊള്ളുന്നതെങ്കിൽ ആദ്യം ഏറ്റെടുക്കേണ്ടത് നിലമ്പൂർ-നഞ്ചൻകോട് പാതയാണെന്നാണ് എനിക്ക് പറയാനുള്ളത്. ഈ പാത യാഥാർത്ഥ്യമായാൽ കൊച്ചിയിൽനിന്ന് ബാംഗ്ലൂരിലേയ്ക്കുള്ള ഏറ്റവും ഷോർട്ടസ്റ്റ് റൂട്ടാകും ഇത്. 236 കിലോമീറ്റർ വേണ്ടിടത്ത് വനമേഖലയിലൂടെ 20 കിലോമീറ്റർ മാത്രം തുരങ്കമായി ഏറ്റെടുത്ത് പരിസ്ഥിതിക്ക് ആഘാതമില്ലാതെ തുരങ്കങ്ങൾ നിർമ്മിച്ച് 176 കിലോമീറ്ററാക്കി ചുരുക്കി പാത നിർമ്മിക്കാമെന്ന് ഡി.എം.ആർ.സി.-യുടെ എക്സിക്യൂട്ടീവ് ഡയറക്ടറായ ശ്രീ. ഇ. ശ്രീധരനുൾപ്പെടെ അഭിപ്രായപ്പെട്ടത് പത്രങ്ങളിൽ വന്നുകൊണ്ടിരിക്കുന്ന സമയമാണ്. ഇതിന് ഡി.പി.ആർ. തയ്യാറാക്കുന്നതിന് ഡി.എം.ആർ.സി.-യെ ഏൽപ്പിച്ചെങ്കിലും അവർക്ക് കൊടുക്കാമെന്നുപറഞ്ഞ 2 കോടി രൂപ കൊടുക്കാത്തതുകൊണ്ട് അതിന്റെ റിപ്പോർട്ട് പൂർത്തീകരിക്കാൻ കഴിയുന്നില്ല എന്നുള്ളത് പത്രങ്ങളിൽ വന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഒന്നുകിൽ ഡി.എം.ആർ.സി.-യെ ഏൽപ്പിച്ച് സർവ്വേ പൂർത്തീകരിക്കുകയോ അല്ലെങ്കിൽ മറ്റേതെങ്കിലും ഏജൻസിയെക്കൊണ്ട് സർവ്വേ പൂർത്തീകരിച്ച് അത് യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടി ഗവൺമെന്റ് സത്വര നടപടികൾ

സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഈ സഭയിൽത്തന്നെ ഇതുസംബന്ധിച്ച് നിരവധി പ്രമേയങ്ങളും ചർച്ചകളും ചോദ്യോത്തരവും വന്നിരുന്നു. ഇക്കാര്യത്തിൽ പുതിയതായി ഒന്നുംതന്നെ പറയാനില്ല. കർണ്ണാടക ഗവൺമെന്റ് ഇത് അനുവദിക്കുന്നില്ല, കാരണം വനത്തിന്റെ പ്രശ്നമാണ്, കേന്ദ്ര ഗവൺമെന്റും സമ്മതിക്കുന്നില്ല. അതിന് വയനാട്ടുകാർ പ്രക്ഷോഭം നടത്തിയിട്ട് എന്താണ് കാര്യം, വന നിയമങ്ങൾ മാറ്റാൻ കഴിയുമോ? നമ്മൾ വിചാരിച്ചാൽ നടപ്പാക്കാൻ കഴിയില്ല. നമ്മൾ ബദൽ അലൈൻമെന്റാണ് ഇപ്പോൾ പറയുന്നത്. ...... ബദൽ അലൈൻമെന്റ് ചൂണ്ടിക്കാണിച്ചാൽ അത് മാത്രമേ നടക്കുകയുള്ളൂ. ശ്രീ. ഇ. ശ്രീധരൻ പറയുന്ന അലൈൻമെന്റൊന്നുമല്ല. വനം വകുപ്പ് ശ്രീധരന് അവിടെ സർവ്വേ നടത്താൻ അനുമതി നൽകിയിട്ടില്ല. പിന്നെ എങ്ങനെയാണ് സർവ്വേ നടത്തുന്നത്? അതുകൊണ്ടാണ് പൈസ കൊടുക്കാത്തത്. വനം വകുപ്പറിയാതെ ഇതൊന്നും നടത്താൻ പറ്റുന്ന കാര്യമല്ല. കർണ്ണാടക ഗവൺമെന്റ് ഇതിന് എതിരാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഒരു പ്രമേയം ഉന്നയിച്ചിരുന്നു. കൂടാതെ, അദ്ദേഹം അവിടെ പോയി സംസാരിക്കുകയും ചെയ്തു. എന്നിട്ടെന്തായി, അവർ അനുവദിക്കുന്നില്ല. എന്നുമാത്രമല്ല, തലശ്ശേരി-മൈസൂർ പാത

ഏകദേശം സമ്മതിച്ചത് അവിടെ ഇപ്പോൾ ആളുകളെ ഇളക്കിവിട്ട് അതിനെതിരായി നീങ്ങുകയാണ്. കർണ്ണാടക ഗവൺമെന്റിന്റെ വനം വകുപ്പ് അംഗീകരിക്കുന്നില്ല. കാരണം അവിടെ വൈൽഡ് സാങ്ച്വറിയൊക്കെയുണ്ട്, ഇവിടെയും അംഗീകരിക്കില്ല. ബദൽ പാതയെപ്പറ്റി ആലോചിച്ചാണ് ചെയ്യേണ്ടത്. പ്രമേയം കൊണ്ട് ഈ പ്രശ്നം അവസാനിക്കില്ല. വനത്തിന് പ്രശ്നമുണ്ടാകാത്ത തരത്തിൽ ഇത് കൈകാര്യം ചെയ്യുന്നത് എങ്ങനെ എന്നതുസംബന്ധിച്ച് കൺസൻസസ് വന്നിട്ടില്ല. നമ്മുടെ ഭാഗത്ത് യാതൊരു പ്രശ്നവുമില്ല, കർണ്ണാടകയ്ക്കാണ് പ്രശ്നം. ഇത് അങ്ങേയ്ക്ക് അറിയാവുന്ന കാര്യമാണ്. അവിടെ ജനകീയപ്രക്ഷോഭമുണ്ടാക്കിയിട്ട് എന്ത് ചെയ്യാനാണ്, ആർക്ക് എന്ത് ചെയ്യാൻ കഴിയും? അത്തരം സമരങ്ങൾക്കൊന്നും വലിയ പ്രാധാന്യമില്ലെന്നാണ് എന്റെ അഭിപ്രായം. കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് ഒരു ബദൽ മാർഗ്ഗം ആലോചിച്ച് റെയിൽപാത നിർമ്മിക്കണം. അക്കാര്യത്തിൽ പ്രയോറിറ്റി തന്നെയാണ്, ഒരു വ്യത്യാസവുമില്ല. അതല്ല ശ്രീ. ഇ. ശ്രീധരൻ അനുവാദം വാങ്ങിത്തന്നാൽ അപ്പോൾത്തന്നെ 6 കോടി രൂപ കൊടുക്കാം.

**റോഡ് നിർമ്മാണം**

ശ്രീ. രാജു എബ്രഹാം: സർ, പുനലൂർ-പൊൻകുന്നം കെ.എസ്.ടി.പി. റോഡിന്റെ വിഷയം ഈ നിയമസഭയിൽ പല സന്ദർഭത്തിൽ ഉന്നയിച്ചിട്ടുള്ളതാണ്.

പുനലൂർ, പത്തനാപുരം, കോന്നി, ആറന്മുള, റാന്നി, കാഞ്ഞിരപ്പള്ളി എന്നീ നിയോജകമണ്ഡലങ്ങളിൽ കൂടി കടന്നുപോകുന്ന റോഡ് 18 വർഷം മുമ്പ് കെ.എസ്.ടി.പി. ഏറ്റെടുത്തതാണ്. ശബരിമല സീസണിൽ കിട്ടുന്ന ചെറിയ തുകയുള്ള അറ്റകുറ്റപ്പണി മാത്രമാണ് ഈ വലിയ റോഡിൽ നടത്തിക്കൊണ്ടിരിക്കുന്നത്. 700 കോടി രൂപയുടെ പദ്ധതിയാണ്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയും കേന്ദ്ര ഗവൺമെന്റും കെ.എസ്.ടി.പി.-യുമൊക്കെ ഇടപെട്ടിട്ടുണ്ടെങ്കിലും റോഡ് യാഥാർത്ഥ്യമായിട്ടില്ല. അതുകൊണ്ട് അടിയന്തരമായി ഈ പ്രശ്നത്തിൽ ഇടപെട്ട് റോഡ് നിർമ്മാണം ഉടൻ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, കെ.എസ്.ടി.പി.-യുടെ രണ്ടാം ഘട്ടത്തിന്റെ ഭാഗമായിട്ടാണ് പുനലൂർ മൂവാറ്റുപുഴ റോഡ് എടുത്തിരുന്നത്. അതിൽ പൊൻകുന്നം തൊടുപുഴ ഭാഗം പൂർത്തിയായി. ബാക്കി ഭാഗം പൂർത്തിയായില്ല. അത് സ്വകാര്യ പങ്കാളിത്തത്തോടെയുള്ള ഒരു പദ്ധതി എന്നുള്ള തലത്തിൽ മുന്നോട്ട് പോകാതിരുന്നതാണ്. പിന്നെ സമയത്തിനുള്ളിൽ ആരംഭിക്കാനും കഴിഞ്ഞില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞാനും വേൾഡ് ബാങ്ക്

ഡെലിഗേഷനുമായി കഴിഞ്ഞ നവംബറിൽ ചർച്ച ചെയ്ത് അവരെ ബോധ്യപ്പെടുത്തി ഒരു പുതിയ പ്രവൃത്തിയായി, സ്റ്റാന്റ് എലോൺ പ്രോജക്ടായി തരാമെന്നും അതിന്റെ കാലാവധി 2020 വരെ നീട്ടിത്തരാമെന്നും സമ്മതിച്ചു. അതിൻപ്രകാരം വേൾഡ് ബാങ്കിന് പുതുക്കിയ പ്രോജക്ടും മറ്റും അയച്ചു. ഗവൺമെന്റ് തീരുമാനപ്രകാരം ഗവൺമെന്റ് സെക്രട്ടറിയും പ്രോജക്ട് ഡയറക്ടറും ഡൽഹിയിൽ പോയി ഇക്കണോമിക് അഫയേഴ്സ് മിനിസ്റ്ററുമായി ചർച്ച ചെയ്തു. തത്വത്തിൽ അവർ അംഗീകരിക്കാമെന്ന് പറഞ്ഞിരിക്കുകയാണ്. ആ ഉത്തരവ് വന്നാലുടൻ ടെണ്ടർ നടപടികളിലേയ്ക്ക് കടക്കുന്നതാണ്.

## ബോണക്കാട് എസ്റ്റേറ്റ് ഏറ്റെടുക്കൽ

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: സർ, ഒരു ജനപ്രതിനിധിയെന്ന നിലയിൽ ഞാൻ നേരിടുന്ന സങ്കീർണ്ണമായ വിഷയമാണ് ബോണക്കാട് എസ്റ്റേറ്റിന്റെ ദുരവസ്ഥ. 20 വർഷമായി ഭാഗികമായും 10 വർഷമായി പൂർണ്ണമായും അടച്ചുപൂട്ടിയ ഫാക്ടറിയിലെ തൊഴിൽ പ്രശ്നവും ഇവിടത്തെ തൊഴിലാളികളുടെ ജീവിതംതന്നെ വഴിമുട്ടിയ സാഹചര്യവും കേരളത്തിന്റെ പൊതുസമൂഹം പലവട്ടം ചർച്ച ചെയ്ത കാര്യമാണ്. 160 തൊഴിലാളികളുടെ ജീവിതം മുന്നോട്ടുകൊണ്ടുപോകുന്നതിനുവേണ്ടി ഈ സർക്കാരും മുൻസർക്കാരും

കുറെയേറെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ലയങ്ങളുടെ നവീകരണത്തിനുവേണ്ടിയുള്ള പണം അനുവദിച്ച് പ്രവർത്തനങ്ങൾ നടന്നുവരികയാണ്. അതിന് കൂടുതൽ തുക ആവശ്യമുണ്ട്. സുപ്രീം കോടതിയുടെ നിർദ്ദേശ പ്രകാരം അടഞ്ഞുകിടക്കുന്ന ഫാക്ടറികളിലെ തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി കുടിശ്ശികയും പെൻഷൻ കുടിശ്ശികയും ശമ്പള കുടിശ്ശികയും നൽകാനുള്ള പദ്ധതികളും നടപ്പിലാക്കുകയാണ്. ഇതും ത്വരിതപ്പെടുത്തേണ്ട ആവശ്യമുണ്ട്. ഈ സാഹചര്യത്തിൽ ആവശ്യമുള്ളത് ശാശ്വതമായ പരിഹാരമാണ്. ആ പരിഹാരം നടക്കണമെങ്കിൽ ബോണക്കാട് എസ്റ്റേറ്റ് കേരള സർക്കാർ ഏറ്റെടുക്കണം. ബോണക്കാട് എസ്റ്റേറ്റ് നടത്തുന്ന കമ്പനി പല ബിസിനസ്സുകൾക്കുമായി കേരളത്തിനകത്തും പുറത്തുമുള്ള ബാങ്കുകളിൽ നിന്ന് ലോൺ എടുത്ത് കുടിശ്ശികയായി തിരിച്ചടയ്ക്കാൻ പറ്റാത്ത അവസ്ഥയിലാണ്. ഇത് പറഞ്ഞുകൊണ്ട് കഴിഞ്ഞ എത്രയോ വർഷമായി ഈ എസ്റ്റേറ്റിനെ അനാഥമാക്കി കമ്പനി ഉപേക്ഷിച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ നിയമ സാധ്യതകൾ പഠിച്ച് ബാങ്കുകളും മറ്റുമായി സംസാരിച്ച് എസ്റ്റേറ്റ് ഏറ്റെടുക്കുകയാണെങ്കിൽ പ്രകൃതിയുടെ മനോഹാരിതയും ജൈവസമ്പത്തുമുള്ള ഏകദേശം 1200 ഏക്കർ ഭൂമി ജൈവ ഗവേഷണത്തിനോ, ബോട്ടാണിക്കൽ

ഗാർഡനായോ, ഓർഗാനിക് ഫാമിംഗിന്റെ മാതൃകയായോ, ടീ എസ്റ്റേറ്റ് ആയോ, എസ്റ്റേറ്റ് ടൂറിസമായോ ബന്ധപ്പെട്ട വൻ പദ്ധതികൾ പ്രകൃതിയോട് ചേർന്നുനിന്നുകൊണ്ട് ആവാസ വ്യവസ്ഥകൾക്ക് കോട്ടം തട്ടാത്ത പദ്ധതികൾ ബോണക്കാട് തുടങ്ങാൻ കഴിയും. ഇതുവഴി എസ്റ്റേറ്റിനെ ആശ്രയിച്ച് ജീവിച്ചിരുന്ന ആളുകൾക്കും പുതിയ ആളുകൾക്കും പ്രകൃതിയോട് ചേർന്നുനിന്ന് തൊഴിൽ കൊടുക്കാൻ സാധിക്കും. അങ്ങ് മുൻകയ്യെടുത്ത് ജനപ്രതിനിധികളെയും പ്ലാന്റേഷൻ റിലീഫ് കമ്മിറ്റിയെയും മാനേജ്മെന്റിനെയും ബാങ്കുകളെയും മറ്റ് ആളുകളെയും റവന്യൂ ഉദ്യോഗസ്ഥരെയും വിളിച്ച് മീറ്റിംഗ് നടത്തി ഒരു പാക്കേജ് ഉണ്ടാക്കുകയാണെങ്കിൽ തീർച്ചയായും 1000-ൽ കൂടുതൽ ഏക്കർ ഭൂമി തിരിച്ചുപിടിക്കാം. സർക്കാരിന് മാതൃകാ പദ്ധതികൾ നടത്തിക്കൊണ്ട് ബോണക്കാടിന്റെ ദുർഗതി മാറ്റി മോഡൽ പദ്ധതി തുടങ്ങുവാൻ കഴിയുമോയെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ ചോദിക്കാനുള്ളത്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>): സർ, തോട്ടം തൊഴിലാളികളുടെയും തോട്ടങ്ങളുടെയും സംരക്ഷണം മുൻനിർത്തി സാധ്യമായ നടപടികൾ എല്ലാം ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്.

ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ ബോണക്കാട് എസ്റ്റേറ്റ് ഏറ്റെടുക്കേണ്ടതിന്റെ സാധ്യതയുടെ നിയമവശം പരിശോധിച്ച് ഗവൺമെന്റ് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്നുള്ളതാണ് വ്യക്തമാക്കാനുള്ളത്. ഇവിടെ സൂചിപ്പിച്ചതുപോലെ ഈ പ്രശ്നത്തിന്റെ അടിസ്ഥാനത്തിലുള്ള ജോയിന്റ് മീറ്റിംഗ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. വിശദമായ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.[+]

## ഇ-പോസ് മെഷീൻ സ്ഥാപിക്കൽ

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ഭക്ഷ്യ സുരക്ഷാ നിയമത്തിന്റെ ഭാഗമായി റേഷൻ കടകളിൽ ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) യന്ത്രങ്ങൾ സ്ഥാപിക്കുമെന്നാണ് ഗവൺമെന്റ് പറഞ്ഞിട്ടുള്ളത്. അത് സ്ഥാപിച്ചുവരികയാണ്; എറണാകുളം ജില്ലയിൽ പൂർത്തിയായിട്ടില്ല. അവിടെ 44 കടകളിൽ മാത്രമാണ് ഇ-പോസ് മെഷീൻ സ്ഥാപിച്ചിട്ടുള്ളത്. ഇക്കൂട്ടത്തിൽ 500-ൽപ്പരം താൽക്കാലിക ലൈസൻസുള്ള റേഷൻ കടകളുണ്ട്. അതിന്റെ ഭാവി എന്തായിരിക്കും, കടകൾ അടച്ചുപോകുമോ, അടച്ചുപോയാൽ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പിരഹരിക്കാൻ ഗവൺമെന്റ് നടപടി

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

സ്വീകരിക്കുമോ എന്നുള്ളതാണ് എന്റെ പ്രധാന ആശങ്ക. തീർച്ചയായും അതിൽ ഒരു നടപടി വേണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, റേഷൻ വിതരണം സുതാര്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 14366 റേഷൻ കടകളിൽ ഏതാണ്ട് 10907 റേഷൻ കടകളിൽ ഇതിനകം ഇ-പോസ് മെഷീൻ സ്ഥാപിച്ചുകഴിഞ്ഞു. എറണാകുളം ജില്ലയിലുള്ള 1340 റേഷൻ കടകളിൽ 1333 റേഷൻ കടകളിലും ഇ-പോസ് മെഷീൻ ഏർപ്പെടുത്തിക്കഴിഞ്ഞു. ശേഷിക്കുന്ന 7 കടകളിൽ കൂടി ഇന്നും നാളെയുമായി സ്ഥാപിക്കും. ഈ മാസം 10-ാം തീയതി മുതൽ എറണാകുളം ജില്ലയിൽ ഇ-പോസ് മെഷീൻ വഴിയായിരിക്കും റേഷൻ വിതരണം നടക്കുന്നത്. സംസ്ഥാനത്താകെ ഏപ്രിൽ മധ്യത്തോടുകൂടി മുഴുവനായി ഇ-പോസ് മെഷീൻ സ്ഥാപിച്ച് അതിലൂടെ സുതാര്യമായി ധാന്യവിതരണം നടത്താൻ കഴിയും. അതിനുള്ള എല്ലാ നടപടികളും പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. റേഷൻ വ്യാപാര രംഗത്ത് താൽക്കാലിക ലൈസൻസികൾ 128 പേരാണുള്ളത്. 500-ൽപ്പരമില്ല. അതിൽ 19 എണ്ണം എറണാകുളം ജില്ലയിലാണ്. താൽക്കാലിക റേഷൻ കടകൾക്ക് 3 മാസത്തെ എക്സ്റ്റൻഷൻ

കൊടുത്തുകൊണ്ടുള്ള ഉത്തരവായിട്ടുണ്ട്. അതിനുശേഷം ബാക്കി കാര്യങ്ങളെക്കുറിച്ച് സ്റ്റാറ്റ്യൂട്ടറി ആയിട്ടുള്ള പ്രൊസീഡിംഗ്സ് നടത്തി കാര്യങ്ങൾക്ക് തീർപ്പ് കല്പിക്കാം. വിശദമായ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.+

## പബ്ലിക് ലൈബ്രറി ആന്റ് റിസർച്ച് സെന്റർ

ഡോ. എം. കെ. മുനീർ: സർ, മലയാള സാഹിത്യത്തിനും സിനിമയ്ക്കും പത്രപ്രവർത്തനത്തിനും സാംസ്കാരിക മേഖലയിലും അഭിമാനകരമായ സംഭാവനകൾ നൽകിയ പി.സി. കുട്ടികൃഷ്ണൻ എന്ന ഉറൂബിന്റെ പേര് കോഴിക്കോട് പബ്ലിക് ലൈബ്രറിക്ക് നൽകി കഴിഞ്ഞ മൂന്ന് പതിറ്റാണ്ടായി ഉറൂബ് സ്മാരകം എന്ന മലയാളികളുടെ സ്വപ്നം സാക്ഷാത്കരിക്കണമെന്ന് അപേക്ഷിക്കുന്നു. 40 വർഷം ഉറൂബ് ജീവിച്ചത് കോഴിക്കോടാണ്. അദ്ദേഹത്തിന്റെ 'സുന്ദരികളും സുന്ദരന്മാരും', സ്വാതന്ത്ര്യത്തിന് ശേഷമുള്ള ഏറ്റവും മികച്ച മലയാള നോവലായി നിരൂപകർ പലരും വിലയിരുത്തുന്നു. അതും 'ഉമ്മാച്ചു', 'അമ്മിണി' തുടങ്ങിയ പ്രശസ്തമായ നോവലുകളും 'നീലക്കുയിൽ' ഉൾപ്പെടെയുള്ള തിരക്കഥകളും കോഴിക്കോട് വച്ചാണ് ജന്മമെടുത്തത്.

---

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

കോഴിക്കോട് ജില്ലയുടെ സാമൂഹിക-സാംസ്കാരിക മണ്ഡലത്തിൽ നിറഞ്ഞുനിന്ന എഴുത്തുകാരനായിരുന്നു ഉറൂബ്. കോഴിക്കോട് ആകാശവാണിയുടെ തുടക്കം മുതൽ സ്ക്രിപ്റ്റ് റൈറ്ററായി സേവനം അനുഷ്ഠിക്കുകയും ആകാശവാണിയെ ജനകീയമാക്കുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുകയും ചെയ്ത വ്യക്തിയാണ് അദ്ദേഹം. അദ്ദേഹത്തിന്റെ 100-ാം ജന്മദിനം 2015-ൽ ആഘോഷിച്ചു. ആ സന്ദർഭത്തിലൊക്കെ പറയുന്ന കാര്യമാണ് അദ്ദേഹത്തിന് സ്മാരകം വേണമെന്നുള്ളത്. പൊന്നാനിയിൽ അതിനുവേണ്ടി സ്ഥലം ലഭിച്ചെങ്കിലും അന്നത് പണിയാൻ സാധിച്ചില്ല. ഏതായാലും ഇപ്പോൾ നിലവിലുള്ള കോഴിക്കോട് പബ്ലിക് ലൈബ്രറി സ്റ്റേറ്റ് ലൈബ്രറി കൗൺസിലിനോട് അനുബന്ധിച്ച് ഉറൂബ് സ്മാരക പബ്ലിക് ലൈബ്രറി ആന്റ് റിസർച്ച് സെന്റർ ആക്കി മാറ്റണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഈ ലൈബ്രറിയോട് അനുബന്ധിച്ച് മലയാളികളുടെ പ്രിയ എഴുത്തുകാരൻ ഉറൂബിന്റെ പേരിൽ ഒരു മ്യൂസിയം രൂപപ്പെടുത്തുന്നതിനുള്ള നടപടി കൈക്കൊണ്ടുവരുന്നു. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.+

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

## അദ്ധ്യാപക നിയമനം

<u>ശ്രീ. യു. ആർ. പ്രദീപ്</u>: സർ, സംസ്ഥാനത്ത് കാലിക്കറ്റ് യൂണിവേഴ്സിറ്റി ഉൾപ്പെടെയുള്ള മറ്റ് യൂണിവേഴ്സിറ്റികളിൽ ബി.എസ്‌സി. ഫിസിക്സ് മെയിൻ സബ്ജകറ്റുള്ള കോഴ്സിനോടനുബന്ധിച്ച് സബ്സിഡിയറി സബ്ജക്റ്റായി കെമിസ്ട്രിക്കുപകരം കമ്പ്യൂട്ടർ ആപ്ലിക്കേഷനും മാത്തമാറ്റിക്സും സിലബസ്സുള്ള കോഴ്സുകളുണ്ട്. ഇത്തരത്തിൽ ബി.എസ്‌സി. ഫിസിക്സ് ഡിഗ്രി കഴിഞ്ഞിറങ്ങുന്ന കുട്ടികൾ സംസ്ഥാനത്ത് ധാരാളമുണ്ട്. ഇത്തരം കുട്ടികൾക്ക് ഹൈസ്കൂൾ ഫിസിക്കൽ സയൻസ് അദ്ധ്യാപകർക്കുള്ള പി.എസ്.സി. ആപ്ലിക്കേഷൻ കൊടുക്കാൻ കഴിയാത്ത അവസ്ഥയും സംസ്ഥാനത്തുണ്ട്. ബി.എസ്‌സി. ഫിസിക്സ് ഡിഗ്രി സബ്സിഡിയറി സബ്ജക്റ്റായി കെമിസ്ട്രി പഠിക്കണമെന്ന നിലവിലുള്ള പി.എസ്.സി. യോഗ്യതയാണ് അതിന് തടസ്സം. സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസം ഹൈടെക് നിലവാരത്തിൽ മാറുമ്പോൾ ഇത്തരത്തിൽ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കൂടി പഠിച്ച കുട്ടികളുടെ സേവനം അനിവാര്യമാണ്. രണ്ട് ഓപ്ഷനുകളാണ് പറയാനുള്ളത്. ഒന്ന്, നിലവിൽ പി.എസ്.സി.യുമായി ആലോചിച്ച് ബി.എസ്‌സി. സബ്സിഡിയറി സബ്ജക്റ്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ

പഠിച്ചവർക്കുകൂടി അപേക്ഷ അയയ്ക്കാനുള്ള സംവിധാനം ഉണ്ടാക്കാൻ കഴിയുമോയെന്നുള്ളതാണ്. അതല്ലെങ്കിൽ ഒന്നിൽസ കൂടുതൽ തസ്തിക വരുന്ന സ്ഥലങ്ങളിൽ ഒന്ന് പഴയ രീതിയിലും മറ്റൊന്ന് പി.എസ്.സി.യുമായി ആലോചിച്ച് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ സബ്സിഡിയറിയായി പഠിച്ചവരെയും കൂടി ഉൾപ്പെടുത്തി നിയമനം നടത്താനുള്ള സംവിധാനം ഉണ്ടാക്കാൻ കഴിയുമോ എന്നുമാണ് എനിക്ക് ചോദിക്കാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, കമ്പ്യൂട്ടർ സയൻസ്, മാത്തമറ്റിക്സ് തുടങ്ങിയ വിഷയങ്ങൾ ഫിസിക്സ്, കെമിസ്ട്രി ഐച്ഛിക വിഷയങ്ങളുടെ സബ്സിഡിയറിയായി പഠിച്ച ഉദ്യോഗാർത്ഥികളെയും ഫിസിക്കൽ സയൻസ് അദ്ധ്യാപക തസ്തികയിലേയ്ക്ക് പരിഗണിക്കാൻ കഴിയുമോയെന്നുള്ളത് എസ്.സി.ഇ.ആർ.ടി., പി.എസ്.സി. എന്നിവയുമായി കൂടിയാലോചന നടത്തി ഇക്കാര്യം പരിശോധിക്കുന്നതാണ്. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.+

+ അനുബന്ധമായി ചേർക്കുന്നു.

## ശമ്പള വർദ്ധന

ശ്രീ. എ. എൻ. ഷംസീർ: സർ, കേരളത്തിലെ ഗവൺമെന്റ് കോളേജുകളിലും യൂണിവേഴ്സിറ്റി സെന്ററുകളിലും ഗസ്റ്റ് ലക്ചർമാരായി പ്രവർത്തിക്കുന്ന അദ്ധ്യാപകരുടെ ശമ്പളം 25,000/- രൂപ മാത്രമാണ്. യഥാർത്ഥത്തിൽ ഇവർ കോളേജുകളിൽ പ്രവർത്തിക്കുന്ന അദ്ധ്യാപകരുടെ അതേ യോഗ്യത ഉള്ളവരും ഒരുപക്ഷേ ചിലർ അതിനേക്കാൾ കൂടുതൽ യോഗ്യത ഉള്ളവരുമാണ്. അതുകൊണ്ട് കേരളത്തിലെ ഗവൺമെന്റ് കോളേജുകളിലും യൂണിവേഴ്സിറ്റി സെന്ററുകളിലും പഠിപ്പിക്കുന്ന ഗസ്റ്റ് ലക്ചർമാരുടെ ശമ്പളം വർദ്ധിപ്പിക്കാൻ സർക്കാർ തയ്യാറാകണമെന്ന് ഞാൻ സബ്മിഷനിലൂടെ സർക്കാരിനോട് ആവശ്യപ്പെടുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ജോലി സമയത്തിന്റെ അടിസ്ഥാനത്തിൽ ദിവസവേതനത്തിൽ ആനുപാതികമായി കുറവ് വരുത്തണമെന്ന 6-ാം നമ്പർ വ്യവസ്ഥ ഗസ്റ്റ് അദ്ധ്യാപകരുടെ വേതനക്കാര്യത്തിൽ ഒഴിവാക്കി ഗസ്റ്റ് ലക്ചർമാരുടെ വേതനം ദിവസവേതനമായി വർദ്ധിപ്പിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്.